Reg: No K. 81

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. : : Managing Editor B. Wellington B. A.

പുസ്തകം 12 | ലക്കം 105 | 1965 ഏപ്രിൽ 21 ബുധൻ | തൃശ്ശൂർ | വില 7 പൈസ | പേജ് 4

സദാചാരസമിതി നിയമനങ്ങൾ

[പി ടി ഐ] ന്യൂഡൽഹി, ഏ. 20

കേന്ദ്രസദാചാര സമിതിയുടെ ജനറൽസിക്രട്ടറിയായി എൽ. എം. ശ്രീകാന്തിനേയും ജോയിന്റ് ജനറൽ സിക്രട്ടറിയായി സേത്ത് രാംനാഥിനേയും സമിതി പ്രസിഡണ്ട് ജി. എൽ. നന്ദ നിയമിച്ചിരിക്കുന്നു. ഭാരതീയ ആദിമജാതിസേവാസംഘത്തിന്റെ വൈസ് പ്രസിഡണ്ടാണ് ശ്രീ കാന്ത്. മുൻ പെപ്സുവിലെ കരം മുൻമന്ത്രിയാണ് സേത്ത് രാംനാഥ്.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വാർഷിക നിരക്ക്

	പോസ്റ്റേജ്	പോസ്റ്റേജ് വേറെ
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഓരോപ്രതി	0_07	0_10

മാനേജർ.

പ്രധാനമന്ത്രിയുടെ അമേരിക്കൻ സന്ദർശനം റദ്ദുചെയ്തു

ചിലരാഷ്ട്രങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കി വിയറ്റ്നാം നയത്തിൽ ഒരു മാറ്റവും വരുത്തില്ലെന്ന് സ്വരൺസിംഗ്

[പി. ടി. ഐ.] ന്യൂഡൽഹി, ഏപ്രിൽ 0

അമേരിക്കയിലേക്കുള്ള തന്റെ സന്ദർശനം പ്രധാനമന്ത്രി ശാസ്ത്രി റദ്ദാക്കിയിരിക്കുന്നു. എന്നാൽ കനഡയിലേക്ക് അദ്ദേഹം പോകുന്നതാണ്. ഇതിനുള്ള തിയതിയിൽ ചില്ല റമാറ്റങ്ങൾ ഉണ്ടായേക്കാം.

അമേരിക്കയിലേക്കുള്ള ശാസ്ത്രിയുടെ സന്ദർശനം നീട്ടിവെച്ചതു സംബന്ധിച്ച് വിവിധ രാഷ്ട്രീയ പാർട്ടികളിൽപെട്ട 34 മെമ്പർമാർ ചേർന്ന് ലോകസഭയുടെ സ്പീക്കറുടെയും ഒരു ശ്രുതിധീരക്കൽ നോട്ടീസിനു നല്കിയ മറുപടിയിലും പിന്നീട് നടന്ന ചോദ്യങ്ങൾക്കുള്ള മറുപടിയിലുമാണ് ഈ വിവരമറിയിച്ചത്.

ഐക്യരാഷ്ട്ര സിക്രട്ടറി ജനറാളുമായി കൂടിക്കാഴ്ച നടത്തുന്നതിനാണ് താൻ ന്യൂയോർക്ക് സന്ദർശിക്കുന്നില്ലെന്നും മി. ശാസ്ത്രി ഒരു ചോദ്യകർത്താവിനെ അറിയിച്ചു.

മി. ശാസ്ത്രിയുടെ സന്ദർശനം നീട്ടിവെച്ചുകൊണ്ട് ചെയ്ത അസാധാരണമായ ഈ നടപടി ഇന്ത്യയിൽ തൊഴിൽ രാഷ്ട്രീയക്കിടയാക്കിയിട്ടുണ്ടെന്ന് വാഷിംഗ്ടണിലെ ഇന്ത്യൻ അസോസിയേറ്റഡ് അമേരിക്കൻ വിദേശകാര്യ സിക്രട്ടറിയെ ഇതിനകം അറിയിച്ച കഴിഞ്ഞവെന്ന് വിദേശകാര്യമന്ത്രി മി. സ്വരൺസിങ്ങ് പറഞ്ഞു.

പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയും രണ്ട് അസന്നിഗ്ദ്ധ പ്രഖ്യാപനങ്ങൾ നടത്തുകയുണ്ടായി.

ഇന്ത്യയുടെ സ്വതന്ത്ര വിദേശനയത്തിലും പ്രശ്നത്തിന്ന് സൈനികമല്ലാതെ, സമാധാനപരമായ ഒരു പരിഹാരം വേണമെന്ന ഇന്ത്യയുടെ വിയറ്റ്നാം നയത്തിലും ഒരു മാറ്റവുമില്ല. മറ്റു ചില രാജ്യങ്ങൾ ഇഷ്ടപ്പെടുന്നില്ലെന്നതുകൊണ്ടു മാത്രം വിയറ്റ്നാമിനെതിരെയുള്ള ഇന്ത്യയുടെ നയത്തിൽ ഒരു മാറ്റവുമില്ലെന്നും അവർ പറഞ്ഞു.

നമ്മുടെ വിദേശനയം എല്ലാ കാലത്തും സ്വതന്ത്രമാണ്; സ്വതന്ത്രമായിതന്നെ തുടരുകയും ചെയ്യുമെന്നു ഹർഷാരവങ്ങൾക്കിടയിൽ വിദേശകാര്യമന്ത്രി പ്രസ്താവിച്ചു.

പ്രധാനമന്ത്രിയുടെ നിർദ്ദിഷ്ട അമേരിക്കൻ പര്യടനം ജൂണിൽനിന്നു നീട്ടിയ വിധത്തെ സംബന്ധിച്ച് സഭയിലെ എല്ലാ വിഭാഗത്തിൽപെട്ട മെമ്പർമാർ അതൃപ്തി രേഖപ്പെടുത്തി. ഇന്ത്യ അവളുടെ ആത്മാഭിമാനം എന്തു വില കൊടുത്തും സംരക്ഷിക്കണമെന്നും അവർ പറഞ്ഞു.

.....

പ്രസിഡണ്ട് തിരഞ്ഞെടുപ്പ് തല്ലിൽ കലാശിച്ചു

(പി ടി ഐ) തഞ്ചാവൂർ, ഏ. 20

വഡുവൂർ പഞ്ചായത്തിലെ പ്രസിഡണ്ടുതിരഞ്ഞെടുപ്പ് സംബന്ധിച്ച് ഇരു കക്ഷികൾതമ്മിൽ നടന്ന സംഘട്ടനത്തെത്തുടർന്ന് പരുക്കേറ്റെനിലയിൽ സ്ഥലം ഹെഡ്കോർട്ടേഴ്സ് ആസ്പത്രിയിൽ 8 പേരെ പ്രവേശിപ്പിച്ചിരിക്കുന്നു. 26 പേരെ ഔട്ട്പേഷ്യന്റായി ചികിത്സിച്ചു.

തഞ്ചാവൂരിൽനിന്നും ഒരു സ്പെഷ്യൽ സായുധപോലീസ്വ്യൂഹം സംഭവസ്ഥലത്തേക്കു കുതിച്ചിട്ടുണ്ട്.

പോലീസുകാക്കും പരുക്ക്

ഊട്ടി, ഏ. 20

ബിക്കാട്ടി പഞ്ചായത്തിലെ പ്രസിഡണ്ടുതിരഞ്ഞെടുപ്പിലെ രണ്ടു കക്ഷികൾ തമ്മിൽ നടന്ന സംഘട്ടനത്തിൽപ്പെട്ട് രണ്ടു പോലീസുകാർക്ക് പരിക്കേല്ക്കുകയുണ്ടായി ഇരുകൂട്ടരും അന്യോന്യം കല്ലേറുനടത്തി. അവർ പോലീസിനേറും നേരേയും കല്ലെറിഞ്ഞു.

ഇതുസംബന്ധിച്ച് രണ്ടുപേരെ അറസ്റ്റുചെയ്തിട്ടുണ്ട്.

ഫ്രാൻസ് സിയാറെറാ വിടുന്നു

ബാങ്കോക് ഏ. 20

ദക്ഷിണപൂർവ്വേഷ്യൻ മുടമ്പടി സംഘടനയിൽ നിന്നും (സിയാറോ) ഫ്രാൻസ് ഏതാനും ദിവസങ്ങൾക്കുള്ളിൽ പരിപൂർണ്ണമായും പിൻവലിക്കുന്നതാണെന്ന് കാര്യജ്ഞാനമുള്ള വൃത്തങ്ങളിൽ നിന്നും അറിവായിരിക്കുന്നു.

(റോയിട്ടർ)

സുച്ചാസിങ്ങ് കേസ്സ് വിചാരണ നീട്ടിവെച്ചു

[പി. ടി. ഐ] കാഠ്മണ്ഡു ഏ. 19

കൈറോൺ വധക്കേസിലെ പ്രധാന പ്രതിയെന്നു സംശയിക്കപ്പെടുന്ന സൂച്ചാസിങ്ങിന്റെ എക്സ്ട്രഡിഷ്യൻ കേസ്സ് വിചാരണ വീണ്ടും നീട്ടിവെച്ചിരിക്കുന്നു. ഇന്ത്യൻ പക്ഷത്തുനിന്നും സമർപ്പിച്ച ചില രേഖകളുടെ തർജ്ജിമ കോടതിക്ക് ലഭിക്കാതിരുന്നതിനെ തുടർന്നാണ് കേസ് നീട്ടിവെയ്ക്കപ്പെട്ടതു്.

.....

ദേവസ്വം ജീവനക്കാരുടെ അവകാശദിനാചരണം

(പി ടി ഐ) തിരു. ഏ. 20

ഇടക്കാലാശ്വാസവും വർദ്ധിച്ച ക്ഷാമബത്തയും ഉൾപ്പെടെയുള്ള തങ്ങളുടെ ആവശ്യങ്ങളുടെനേരെ ദേവസ്വം ബോർഡ് കാണിക്കുന്ന അനാസ്ഥയിൽ പ്രതിഷേധിക്കുന്നതിനായി ഏപ്രിൽ 22_ാം തീയതി "അവകാശദിന"മായി ആചരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എണ്ണൂറോളം വരുന്ന ഓഫീസറന്മാരുടെ യൂണിയൻ തീരുമാനിച്ചിരിക്കുന്നു. ഈ യൂണിയൻ ബോർഡ് അംഗീകരണം നൽകിയിട്ടുണ്ട്.

ഇതേ ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ട് ബോർഡിലെ കണ്ടിൻജെൻസി ജീവനക്കാർ അവകാശദിനം ഇന്നലെ ആചരിക്കുകയുണ്ടായി. തിരുവിതാംകൂർ പ്രദേശത്തെ 1120 ക്ഷേത്രങ്ങളുടെ ഭരണം നിർവഹിക്കുന്നതു് ഈ ബോർഡാണ്. ഇതിലെല്ലാമായി 5000 കണ്ടിജൻസി ജീവനക്കാരും 800 ഓഫീസർമാരുമാണ് ജോലിചെയ്യുന്നതു്.

.....

ഈസ്റ്റർ അപകടങ്ങൾ

[റോയിട്ടർ] പാരീസ് ഏപ്രിൽ 20

ഈസ്റ്റർ ദിനത്തിൽ ഫ്രാൻസിൽ ഉണ്ടായ റോഡപകടങ്ങളിൽപെട്ട് 70 പേർ കൊല്ലപ്പെട്ടുവെന്നും 1000 പേർക്ക് പരിക്ക്പറ്റിയെന്നും അനൌദ്യോഗിക കണക്കുകളിൽ കാണുന്നു.

മുസ്ലിം ലീഗിന്റെ അംഗീകരണം പോയേക്കും

(പി. ടി. ഐ.) ന്യൂഡൽഹി, ഏ. 20

സ്ഥാനാർത്ഥികൾക്ക് പ്രത്യേക തരത്തെരഞ്ഞെടുപ്പ് ചിഹ്നം സംവരണം ചെയ്യുന്ന കാര്യത്തിൽ മുസ്ലിം ലീഗിന്റെ അംഗീകരണം തുടരണമോ വേണ്ടയോ എന്ന പ്രശ്നം തെരഞ്ഞെടുപ്പ്കമ്മീഷൻ പരിഗണിക്കുന്നതാണെന്ന് ഡെപ്യൂട്ടി നിയമമന്ത്രി ജഗന്നാഥ് റാവു ജോഷി ലോകസഭയിൽ പ്രസ്താവിച്ചു.

കഴിഞ്ഞ കേരളാ തെരഞ്ഞെടുപ്പിൽ മത്സരിച്ച കക്ഷികൾക്കു നേടിയ വോട്ടുകളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും, പഠിക്കുകയും ചെയ്തതിനു ശേഷമേ ഈ പ്രശ്നത്തിന്ന് ഒരു തീർപ്പുണ്ടാവുകയുള്ളുവെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ കേരളാ തെരഞ്ഞെടുപ്പിൽ മൊത്തം രേഖപ്പെടുത്തപ്പെട്ട വോട്ടുകളിൽ 4 ശതമാനം മുസ്ലിംലീഗിനു കിട്ടിയിട്ടില്ലെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

—·—

പത്രാധിപരെ അറസ്റ്റ്ചെയ്തു

[പി. ടി. ഐ.]

തിരുച്ചിറപ്പള്ളി ഏ. 20

ആക്ഷേപകരങ്ങളായ വാർത്തകൾ പ്രസിദ്ധീകരിച്ചുവെന്നതിന്റെ പേരിൽ ഒരു തമിഴ് ദിനപത്രമായ മലൈരസുവിന്റെ പത്രാധിപർ ടി. ബാലചന്ദ്രനെ രാജ്യരക്ഷാ നിയമമനുസരിച്ച് പൊലീസ് ഇന്നലെ അറസ്റ്റ്ചെയ്തു.

....

പത്രക്കടലാസ്സിന്റെ വിലവർദ്ധനവിൽ ഉല്ക്കണ്ഠ

കൂട്ടിയ തീരുവ പിൻവലിക്കണമെന്ന് ചെറുകിട പത്രാന്വേഷകസമിതി

(പി. ടി. ഐ) ബോംബെ, ഏ. 20

നിലവിലുള്ള തീരുവയ്ക്കു പുറമേ പത്രക്കടലാസ്സിന്മേൽ പത്തു ശതമാനം കസ്റ്റംസ് ഡ്യൂട്ടി മുതലിതിന്റെ ഫലമായി പത്രക്കടലാസ്സിന്റെ വില ഗണ്യമായി വർദ്ധിച്ചതിൽ ചെറുകിടപത്രാന്വേഷകസമിതി ഉല്ക്കണ്ഠ പ്രകടിപ്പിച്ചിരിക്കുന്നു.

ഈ നിലക്കുള്ള ഒരു സന്ദേശം സമിതിയുടെ ചെയർമാൻ ആർ. ആർ. ദിവാകർ ധനകാര്യമന്ത്രിക്കും,ഫാത്മാ_വിക്ഷേപണമന്ത്രി മിസിസ്സ് ഇന്ദിരാഗാന്ധിക്കും അയച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം ഇന്നലെയാണ് അവസാനിച്ചതു്.

ചെറുകിട പത്രങ്ങൾക്ക് പത്രക്കടലാസ്സിന്മേൽ ചുമത്തപ്പെട്ടിട്ടുള്ള ഈ തീരുവ താങ്ങാൻ സാധ്യമല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു മിക്കചെറുകിട പത്രങ്ങളുടേയും സാമ്പത്തികസ്ഥിതിമെച്ചമല്ല. ഈതീരുവ അവ നേരിട്ട്കൊണ്ടിരിക്കുന്നനഷ്ടത്തെ വർദ്ധിപ്പിക്കും. അതിന്റെ ഫലമായി പല പത്രങ്ങളും അവയുടെ പ്രസിദ്ധീകരണം നിർത്തുന്നതിന്ന് നിർബന്ധിതമാകും. ചെറുകിടപത്രങ്ങളുടെ വളർച്ചക്ക്വേണ്ടി ഈ തീരുവ പിൻവലിക്കണമെന്ന് കമ്മറിറി ധനകാര്യമന്ത്രിയോട് ആവശ്യപ്പെട്ടു. ചെറുകിട പത്രങ്ങളേയും, ആനുകാലിക പ്രസിദ്ധീകരണങ്ങളേയും സംബന്ധിച്ചേടത്തോളം ഈ തീരുവ പിൻവലിക്കണമെന്നാണ് കമ്മറിറിയുടെ നിർദ്ദേശം വെള്ളക്കടലാസ്സിന്മേലുള്ള എക്സൈസ് ഡ്യൂട്ടി പിൻവലിക്കണമെന്നും കമ്മറിറി ആവശ്യപ്പെട്ടിട്ടുണ്ട്.

കച്ച് ആക്രമണത്തിൽ വെടിയേറ്റ ജവാൻ മരിച്ചു

(പി. ടി. ഐ.)

അഹമ്മദാബാദ് ഏ. 20

കച്ച് അതിർത്തിയിൽ പാക്ക് ആക്രമണം ഉണ്ടായ വേളയിൽ തലയ്ക്ക് വെടിയേറ്റ ഗുജറാത്ത് റിസർവ്വ് പോലീസിലെ സനീർപ്രധാൻ ഇന്നലെ ആസ്പത്രിയിൽവെച്ച മരിച്ചു.

ഇതോടുകൂടി കച്ച് അതിർത്തിയിൽ പാക്ക് ആക്രമികളെ നേരിട്ട് മരണമടഞ്ഞവരുടെ സംഖ്യ അഞ്ചായി.

ജയിൽ ഡൽഹിക്ക്

(പി ടി ഐ) തിരു. ഏ. 20

ഇന്ത്യാഗവണ്മെന്റുമായി ചർച്ചകൾ നടത്തുന്നതിനായി കേരളഗവണ്മെന്റ് ശ്രീ എ. പി. ജയിൻ ഏപ്രിൽ 22_ാംതീയതി ഇവിടെനിന്നും ഡൽഹിക്ക് പോകുന്നതാണ്. ഏപ്രിൽ 23_ാംതീയതി ഫാത്തേപ്പൂരിലും പിറേറദിവസം സഫറാൻപൂരിലും അദ്ദേഹം സന്ദർശനം നടത്തുന്നതാണെന്ന് ഇവിടെ പ്രസിദ്ധീകരിച്ച പരിപാടിയിൽ കാണുന്നു. ഏപ്രിൽ 25 മുതൽ 27 വരെ തീയതികളിൽ ശ്രീ ജയിൻ ഡൽഹിയിലുണ്ടായിരിക്കും. 28_ാംതീയതി അദ്ദേഹം ലക്നോ സന്ദർശിക്കും. 30_ാംതീയതി ഡൽഹിക്ക മടങ്ങും. മേയ് 1_ാംതീയതി അദ്ദേഹം തിരുവനന്തപുരത്തേക്ക തിരിക്കും.

അഡൈവസർ മി. പ്രസാദ് ഏപ്രിൽ 22_ാംതീ_ ഡൽഹിക്ക പോകുന്നതും 26_ാംതീ_ ഇവിടെ മടങ്ങിയെത്തുന്നതുമാണ്.

.....

സാമ്രാജ്യവാദികളുടെ ആയുധങ്ങൾ ആഫ്രോ_ഏഷ്യൻ ജനതയെ ഭയപ്പെടുത്തില്ല

ബാന്ദുങ്ങ് സമ്മേളനത്തിൽ പ്രസിഡണ്ട് സുക്കർണ്ണോ

[റോയിട്ടർ] ജക്കാർത്ത, ഏ 19

കൊളോണിയലിസ്റ്റുകളുടേയും, സാമ്രാജ്യത്വവാദികളുടേയും മുഴുവൻ ആയുധശക്തിയേയും ആഫ്രോ_ഏഷ്യൻ ജനതക്ക് നേരിടുവാൻ കഴിയുമെന്ന് പ്രസിഡണ്ട് സുക്കാർണ്ണോ ഇന്നിവിടെ പ്രഖ്യാപിച്ചു.

ബാന്ദുങ്ങ് സമ്മേളനത്തിന്റെ പത്താം വാർഷികാഘോഷത്തോടനുബന്ധിച്ച് ഒരു ലക്ഷം ഇന്തോനേഷ്യക്കാർ പങ്കെടുത്ത ഒരു ബഹുജനറാലിയിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു.

'സാമ്രാജ്യത്വവാദികളു', കൊളോണിയലിസ്റ്റുകളും അവരുടെ വിമാനങ്ങളും, യുദ്ധക്കപ്പലുകളും, ആധുനികായുധങ്ങളും കൊണ്ട് ആഫ്രോ_ഏഷ്യൻ ജനതയെ നേരിടട്ടെ; എന്നാൽ അവർ ഭയപ്പെടുവാൻ പോകുന്നില്ല' എന്ന് സുക്കാർണ്ണോ പറഞ്ഞു.

മലയേഷ്യക്കെതിരായ ഇന്തോനേഷ്യയുടെ സമരം വിജയിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു. അടുത്ത കൊല്ലം ജക്കാർത്തയിൽ വെച്ച് പുതുതായി ഉയരുന്ന ശക്തികളുടെ [കോൺഫോ] ഒരു സമ്മേളനം കൂടുന്നതാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു. അതിനാവശ്യമായ മന്ദിരം നിർമ്മിക്കുന്നതിനു് ചൈന സഹായിക്കുന്നുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തി.

രണ്ടായിരം അഴിമതിക്കേസുകൾ ചാർജ്ജുചെയ്തു

കേരളത്തിലെ 7_മാസത്തെ പ്രസിഡണ്ട് ഭരണക്കാലത്തു് 65_ ഓഫീസർമാരെ ഡിസ്മിസ്ചെയ്തു

വിജിലൻസ് കമ്മീഷനെ നിയമിക്കുന്നു

[പി. ടി. ഐ] തിരു. ഏ, 20

അഴിമതി പ്രശ്നങ്ങൾ കൈകാര്യംചെയ്യുന്നതിനായുള്ള ഒരു വിജിലൻസ് കമ്മീഷനെ നിയമനം കേരള ഗവണ്മെണ്ട് അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ വിജ്ഞാപനംചെയ്യുമെന്ന് ഒരു ഔദ്യോഗിക വക്താവു് പറഞ്ഞു.

കമ്മീഷനെറെ അധികാരപരിധികളും സാദ്ധ്യതകളും സംബന്ധിച്ചും ഇപ്പോൾ പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്നും ഈ മാസാവസാനത്തിനുമുമ്പ് നിയമനം വിജ്ഞാപനംചെയ്യുന്നതാണെന്നും ഈ വക്താവു പറഞ്ഞു.

ഇപ്പോഴത്തെ എക്സ്പെറിമെന്റേഷനും സ്പെഷൻജഡ്ജിയുമായ മി. പി. സി. നന്ദനമേനോനെ വിജിലൻസ് കമ്മീഷണറായി നിയമിക്കുമെന്നാണ് അറിയുന്നതു്.

ഒരു എക്സ്പെറിമെന്റേഷനറെ വേറെ നിയമിക്കുന്നതുമായിരിക്കും. ഇപ്പോൾ ടെ രൂപീകരിക്കപ്പെട്ട വിജിലൻസ് ഇൻവെസ്റ്റിഗേഷൻ ഡയറക്ടറേറ്റ് വിജിലൻസ് കമ്മീഷനും എക്സ്പെറിമെന്റേഷനും പൊതുവായ ഒരു ഏജൻസിയായ് പ്രവർത്തിക്കും. പൊതുജനങ്ങളുടെ ആവലാതികളെപ്പറ്റി ശ്രദ്ധിക്കുന്നതിനായി പ്രത്യേകമായ ഒരു ഏജൻസിയെ ഏർപ്പെടുത്തുന്നതുസംബന്ധിച്ചുനിർദ്ദേശത്തെപ്പറ്റിയും ഗവണ്മെണ്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ് അഴിമതിക്കേസ്സുകൾ കൈകാര്യംചെയ്യുന്നതിൽ സംസ്ഥാനഗവണ്മെണ്ട് ഇപ്പോഴും വളരെ സജീവമാണ്. 7 മാസത്തെ ഈ പ്രസിഡണ്ട് ഭരണക്കാലത്തിനിടക്ക് 2000 ത്തിൽ അധികം അഴിമതിക്കേസുകൾചാർജ്ജ്ചെയ്യുകയുണ്ടായെന്നും ഇതിനെതുടർന്ന് 65 ഓഫീസർമാരെ ഡിസ്മിസ് ചെയ്തുകയുണ്ടായെന്നും ഈ വക്താവു് പറഞ്ഞു.

.....

മേയ്മാസത്തിൽ ഗോതമ്പു ആവശ്യത്തിനു് കിട്ടും

ഇറക്കുമതി ചെയ്യുന്ന ഗോതമ്പിനു് വില കുറവു്

ലോകസഭയിൽ ധനകാര്യമന്ത്രിയുടെ പ്രസ്താവന

(പി ടി ഐ) ന്യൂഡൽഹി, ഏ. 20

ഇറക്കുമതി ചെയ്യപ്പെടുന്ന ഗോതമ്പു് ഈ മാസാവസാനത്തോടുകൂടി മിക്ക സംസ്ഥാനങ്ങളിലേക്കും എത്തിക്കുവാൻ കഴിയുമെന്നു് ധനകാര്യമന്ത്രി കൃഷ്ണമാചാരി ഇന്നു് ലോകസഭയിൽ പ്രസ്താവിച്ചു.

ഭക്ഷ്യമന്ത്രി സുബ്രഹ്മണ്യം ജക്കാർത്തയിലായതുകൊണ്ടു് അദ്ദേഹത്തിനുവേണ്ടി കൃഷ്ണമാചാരിയാണു് ചോദ്യങ്ങൾക്കു മറുപടി പറഞ്ഞതു്.

മേയ്മാസത്തിൽ വിദേശങ്ങളിൽനിന്നു് 8 ലക്ഷം ടൺ ഗോതമ്പു് ഇന്ത്യയിലെത്തും അതുകൊണ്ടു് സംസ്ഥാനങ്ങളുടെ ആവശ്യങ്ങളും നിർവ്വഹിക്കുവാൻ ബുദ്ധിമുട്ടുണ്ടാവില്ല.

അമേരിക്കൻ തുറമുഖങ്ങളിൽ നടന്ന പണിമുടക്കു് കഴിഞ്ഞ മൂന്നുമാസങ്ങളിൽ ഗോതമ്പിന്റെ നീക്കത്തെ ബാധിക്കുകയുണ്ടായി.

പക്ഷേ ഇപ്പോൾ ആ കഷ്ടപ്പാടു കഴിഞ്ഞു. ഇറക്കുമതി ത്വരിതഗതിയിലാക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്.

ഗവണ്മെണ്ടിന്റെ ബഫർ സ്റ്റോക്കിൽ നിന്നു് സംസ്ഥാനങ്ങളുടെ ആവശ്യങ്ങളും നിവ്വഹിച്ചുകൊടുക്കുന്നുണ്ടു്. ഡി. സി. ശർമ്മ പോദിച്ചു. ആവശ്യങ്ങളും വളരെ കൂടുതലായതുകൊണ്ടു് ബഫർസ്റ്റോക്ക് തീർന്നുപോയെന്നു് മന്ത്രി പറഞ്ഞു.

നാട്ടിലുണ്ടാകുന്ന ഗോതമ്പിനേക്കാൾ കൂടുതലായി ആവശ്യം നില്ക്കുന്നതു് ഇറക്കുമതിചെയ്യുന്ന ഗോതമ്പിനാണെന്നുള്ളതു് ഒടുവിൽ പറഞ്ഞതിനു് വിലകുറയുള്ള തുകൊണ്ടാണോയെന്നു് പി. ആർ. പട്ടേൽ ചോദിച്ചു.

ഇറക്കുമതി ചെയ്യുന്ന ഗോതമ്പിന്റെ വില നിയന്ത്രിക്കുന്നതു് ഗവണ്മെണ്ടാണെന്നും നാട്ടിലുണ്ടാകുന്നതിന്റെ വില നിയന്ത്രണം നടത്തുന്നതു് വിപണിയാണെന്നും സ്വാഭാവികമായി ആദ്യം പറഞ്ഞ ഇനത്തിനു് വില കുറയുമെന്നും മന്ത്രി പറഞ്ഞു.

പാക്ക് ആക്രമണത്തിന്റെ പിന്നിൽ ചൈനയാണെന്ന് പട്ടീൽ

[പി. ടി. ഐ] ബാംഗ്ലൂർ ഏ. 20

യാതൊരു ഉത്തരവാദിത്വബോധവുമില്ലാത്ത ഒരു രാഷ്ട്രമാണ് പാക്കിസ്ഥാനെന്ന് കേന്ദ്ര റെയിൽവേമന്ത്രി എസ്. കെ. പാട്ടീൽ മൈസൂർ വാണിജ്യ മണ്ഡലത്തിന്റെ ഒരു യോഗത്തിൽ പ്രസ്താവിച്ചു.

ഇന്ത്യാ_പാകിസ്ഥാൻ അതിർത്തിയിൽ നടക്കുന്ന പാക്വെടിവെപ്പിന്റെ പിന്നിൽ ചൈനയുടെ പ്രേരണയാണുള്ളതു്. അല്ലെങ്കിൽപിന്നെ കഴിഞ്ഞ 17കൊല്ലമായി ഇല്ലാത്ത ഒരു അതിർത്തിത്തർക്കം പെട്ടെന്നു് പൊന്തേണ്ട ആവശ്യമെന്തായിരുന്നുവെന്നു് അദ്ദേഹം ചോദിച്ചു. അതിർത്തികളിൽ എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ ഗവണ്മെണ്ടിനു് അതിനെപ്പറ്റി ശ്രമിക്കുകയും രാജ്യരക്ഷക്ക് ആവശ്യമായതു് നോക്കേണ്ടിവരികയും ചെയ്യും. അങ്ങിനെവരുമ്പോൾ അതു മറ്റു രംഗങ്ങളിലെ പുരോഗതിയെ ബാധിക്കുമെന്നു് അദ്ദേഹം പറഞ്ഞു.

.....

വിയറ്റ്നാംയുദ്ധം

ആക്രമണം അവസാനിപ്പിക്കാതെ സംസാരമില്ല

അമേരിക്ക പുത്തൻ ആയുധങ്ങൾ ഉപയോഗിക്കുന്നതു് സൂക്ഷിച്ച് വേണമെന്ന് കോസിജിൻ

വടക്കൻ വിയറ്റ്നാമിന്റെ നേരെയുള്ള ബോംബാക്രമണം തുടരുന്നതിനെ ശക്തിയായി വിമർശിച്ചു

(റോയിട്ടർ) മോസ്കോ, ഏപ്രിൽ 20

വടക്കൻ വിയറ്റ്നാമിന്റെ നേരെയുള്ള ബോംബാക്രമണം അമേരിക്ക ഉടൻനു്കൊണ്ടിരിക്കുന്നേടത്തോളം കാലം വിയറ്റ്നാം സമാധാനത്തെസംബന്ധിച്ചു് റഷ്യ സംസാരിക്കുകയില്ലെന്നു് സോവിയറ്റ് പ്രധാനമന്ത്രി കോസിജിൻ ഒരു ക്രെംലിൻ സമ്മേളനത്തിൽ പ്രസ്താവിച്ചു.

അമേരിക്കയുടെ കയ്യിൽ മാത്രമുള്ളതായുള്ള അമേരിക്കൻ വ്യോമാക്രമണങ്ങളിൽ വടക്കൻവിയറ്റ്നാം അന്തരാഷ്ട്രയന്ത്രണകമ്മീഷനോടു് ശക്തിയായി പ്രതിഷേധിച്ചിരിക്കുന്നു.

18, 19 തിയതികളിൽ അമേരിക്കൻ വിമാനങ്ങൾ കോൺകോർഡ് പിലും, കുബേബിൽ സംസ്ഥാനത്തിലെ ജനനിവാസകേന്ദ്രങ്ങളിലും ബോംബെറിഞ്ഞവെന്ന് കമ്മീഷണറായ ഒരു സന്ദേശത്തിൽ ഹനോയി പറഞ്ഞിട്ടുണ്ടു്.

തിങ്കളാഴ്ച അമേരിക്കൻ വിമാനങ്ങൾ ആക്രമിച്ചിട്ടുള്ള വിൻതഗരവും, ഹാത്തിൽ നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളുമാണ്. എഴ് അമേരിക്കൻ വിമാനങ്ങളെ വെടിവെച്ചു് വീഴ്ത്തിയെന്നും, മറേറതാനും വിമാനങ്ങൾക്ക് കേടുപാടുകൾ വരുത്തിയെന്നും, ജനങ്ങളുടെ അമേരിക്കൻ ആക്രമണത്തെ വീരോചിതമായി ചെറുത്തുവെന്നും ഹനോയി അവകാശപ്പെടുന്നുണ്ടു്.

ഈ ആക്രമണങ്ങൾ അവസാനിപ്പിക്കണമെന്നും, തെക്കൻവിയറ്റ്നാമിൽ നിന്നു് അമേരിക്ക അതിന്റെ സേനകളെ പിൻവലിക്കണമെന്നും കമ്മീഷണറായ പ്രതിഷേധകുറിപ്പിൽ ഹനോയി ആവശ്യപ്പെട്ടിട്ടുണ്ടു്.

.....

ഏജൻസി അറിയിപ്പ്

മട്ടാഞ്ചേരിയിലെ മുൻ തൊഴിലാളി ഏജൻറായ ശ്രീ. ഡി. ടി. ശിവാനന്ദനു് പകരം ശ്രീ. ടി. ജെ. ജെയിംസിനെ ഏപ്രിൽമാസം ഒന്നുമുതലും, അവിട്ടത്തൂരിൽ ശ്രീ. ടി. എൽ. അന്തോണിയെ ഏപ്രിൽ 20 മുതലും തൊഴിലാളിയുടെ ഏജൻറന്മാരായി നിയമിച്ച വിവരം മാന്യവായനക്കാരെ അറിയിച്ചുകൊള്ളുന്നു.

എന്നു്,

സർക്കുലേഷൻ മാനേജർ

സേനാനായികെയ്ക്കും സിരിമാവോയ്ക്കും മറേറാരു എതിരായി തിരഞ്ഞെടുപ്പ് കേസ്

(പി ടി) കൊളംബൊ, ഏ 20

പ്രധാനമന്ത്രി മി. ഡഡ്ലി സേനാനായികെ, മുൻ പ്രധാനമന്ത്രിയും പ്രതിപക്ഷനേതാവുമായ ശ്രീമതി സിരിമാവോ ബണ്ഡാരനായികെ എന്നിവരുടെ തിരഞ്ഞെടുപ്പ് ചോദ്യം ചെയ്തുകൊണ്ടുള്ള ഹരജികൾ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരിക്കുന്നു.

കഴിഞ്ഞ മാസം നടന്ന പോളിംഗിൽ തിരഞ്ഞെടുക്കപ്പെട്ട 151 മെമ്പർമാരിൽ 37 പേരുടെ തിരഞ്ഞെടുപ്പ് ചോദ്യം ചെയ്തുകൊണ്ട് ഇതുവരെ 47 ഹരജികളാണ് ആകെ ഫയൽ ചെയ്യപ്പെട്ടിരിക്കുന്നതു്. തിരഞ്ഞെടുപ്പുചോദ്യം ചെയ്യപ്പെട്ട മെമ്പർമാരിൽ സ്പീക്കർ സർ ആൽബർട്ട്, ജലസേചന വിദ്യുച്ഛക്തി വകുപ്പുമന്ത്രി മി.ചാൾസ് പി. ഡിസിൽവാ, മൻർധനകാര്യമന്ത്രിയും ട്രേഡ് സ്ഥിയിസ്റ്റ് ലങ്കാസമ സമാജ് പാർട്ടി നേതാവുമായ ഡോ: എൻ. എം. പെരേര എന്നിവരും ഉൾപ്പെടുന്നു.

.....

പാക്കിസ്ഥാന്റെ നിഷേധാത്മക പ്രതികരണം

ഇന്ത്യയുടെ ഖേദം

(പി. ടി. ഐ) ന്യൂഡൽഹി. ഏ. 20

കച്ച്_സിന്ധ് അതിർത്തിയിലെ സം

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125
പത്രാധിപരുടെ വസതി 455

1965 ഏപ്രിൽ 21–ാംതീ- ബുധൻ

ഇന്ത്യൻ പ്രസിഡണ്ട് തിരിച്ചെത്തി

....o....

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പ്രസിഡണ്ട് നേത്രചികിത്സക്കശേഷം സസുഖം തിരിച്ചെത്തിയിരിക്കുന്നു. വന്ന ഉടനെത്തന്നെ അദ്ദേഹം ഔപചാരികമായ അദ്ദേഹത്തിന്റെ ഡ്യൂട്ടിയിൽ പ്രവേശിച്ചു. ചികിത്സക്കശേഷം തിരിച്ചെത്തിയ അദ്ദേഹത്തിന് ഞങ്ങളും ഹൃദയംഗമമായ സ്വാഗതമാശംസിക്കുന്നു.

വിദേശീയർ ഡോ. രാധാകൃഷ്ണനെ കാണുന്നതു് ഒരു തത്വജ്ഞാനിയും ദേശനികനും എന്ന നിലകളിൽ മാത്രമല്ല, പിന്നേയൊ വലിയ ഭാരതത്തിന്റെ സാക്ഷാൽ പ്രതീകമായ ട്ടാണ്. അതുകൊണ്ട് അദ്ദേഹത്തിനു് ബാധിക്കുന്ന ഏതെങ്കിലും ചെറിയ അനാരോഗ്യംപോലും ഭാരതീയർക്കാകമാനം വലിയ ആശങ്കയുളവാക്കുന്നതാണ്. ആശങ്കയുടെ ആഴത്തിനനുസൃതമാണ് ആരോഗ്യപ്രാപ്തിയിൽ ജനങ്ങൾക്കുള്ള ആനന്ദത്തിന്റെ വ്യാപ്തിയും. അതുകൊണ്ടാണ് കലവറകൂടാതെയുള്ള ആത്മാർത്ഥമായ വാക്കുകൾകൊണ്ട് ഞങ്ങളും അദ്ദേഹത്തിനു് സ്വാഗതമാശംസിക്കുന്നതു്. അദ്ദേഹം പൂർണ്ണാരോഗ്യവാനായി ഇനിയും വളരെക്കാലം ജീവിക്കട്ടെയെന്നും, ഭാരതത്തിന്റെ കീർത്തിധ്വജം ഇനിയും ലോകമൊട്ടുക്കു് വ്യാപിപ്പിക്കട്ടെ എന്നുകൂടി ഞങ്ങളാശംസിക്കുന്നു.

ലോകചരിത്രത്തിൽ ഒരു പക്ഷെ കേട്ടുകേൾവിപോലുമില്ലാത്ത സംഭവം, ജനാധിപത്യഭരണരീതിയിലെ ഒരു വലിയ വൈരുദ്ധ്യം കേരളത്തിൽ സംഭവിച്ചു് ഡോ. രാധാകൃഷ്ണന്റെ അഭാവത്തിലാണു്. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികം ഒരിക്കലെങ്കിലും നിയമനിർമ്മാണാവശ്യങ്ങൾക്കായി സമ്മേളിക്കാതെ പിരിഞ്ഞുപോരേണ്ടിവന്ന ആ സംഭവം ഇതിനു മുമ്പൊരിടത്തും ഉണ്ടായിട്ടില്ല, ഇനി ഉണ്ടാകുമെന്നു തോന്നുന്നുമില്ല. ഡോ. രാധാകൃഷ്ണൻ സ്ഥലത്തില്ലാതിരുന്നതുകൊണ്ട് അതങ്ങിനെ സംഭവിച്ചു എന്നല്ല ഞങ്ങൾ പറഞ്ഞതു്, കാരും അപ്പോഴാണ് സംഭവിച്ചതെന്നു് പ്രസ്താവിച്ചെന്ന മാത്രം. വലിയ വലിയ ചരിത്രസംഭവങ്ങളോടു് ബന്ധിച്ചു്, അവ നടന്ന കാലത്തെ ചരിത്രപുരുഷന്മാരേയും സൂചിക്കാവുന്നതുകൊണ്ടു് സത്യമാണെങ്കിൽ, കേരളത്തിൽ ഇതു വലിയ ഒരു സംഭവം നടന്നതിനോടനുബന്ധിച്ചു് ചരിത്രം രേഖപ്പെടുത്തുന്നതു് ഡോ. രാധാകൃഷ്ണൻ പ്രസിഡണ്ടായിരുന്ന കാലത്തു് ഡോ സക്കീർഹുസൈൻ അസംബ്ലി പിരിച്ചുവിട്ടു എന്നായിരിക്കും.

മദ്യനിരോധനനയം

കേരള സംസ്ഥാന ഗവണ്മെണ്ടിന്റെ റവന്യു വരുമാനങ്ങളിൽ വൻനഷ്ടം വരുത്താവുന്ന രീതിയിൽ ഇവിടത്തെ മദ്യവർജ്ജനനയത്തിൽ ചില വ്യത്യാസങ്ങൾ വരുത്താൻ പോകുന്നതായി ഗവണ്മെന്റിന്റെ ഉപദേഷ്ടാവു് ശ്രീ. ഗോവിന്ദനാരായൺ പ്രസ്താവിച്ചിരിക്കുന്നു. ഇപ്പോൾ കേരളത്തിൽ 55 താലൂക്കുകളിൽ 27 എണ്ണത്തിൽ മദ്യവർജ്ജനമുണ്ടു്. അതായതു് നേർപകുതി സ്ഥലത്തു് മദ്യവർജ്ജനം നിലവിലുണ്ടു്, മറ്റേ പകുതിയിൽ മദ്യവർജ്ജനമില്ല. ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പരിഷ്കരണങ്ങളുടെ സമ്പ്രദായം വെളിപ്പെടുത്തിയിട്ടില്ലെങ്കിലും മദ്യവർജ്ജനമുള്ള സ്ഥലങ്ങളിൽ അതു് ഭാഗികമായി ഉയർത്താനുദ്ദേശിക്കുന്നതെന്നു് സുബുദ്ധിയുള്ളവർക്കൊക്കെ അനുമാനിക്കാം.

മദ്യവർജ്ജനനയം നടപ്പിലാക്കാൻ തുടങ്ങിയ കാലം മുതൽ ജനതയിലെ ബോധമുള്ള മനുഷ്യരുടെയൊക്കെ എതിർപ്പിനു പാത്രമായിട്ടുള്ള ഒരു ഭരണപരിപാടിയാണു് ഈ നയം. എന്നിരുന്നാലും ആദർശനിഷ്ഠനേയും അഭിമാനത്തിനേയും പേരിൽ ചെയ്തുപോയ അബദ്ധം അബദ്ധമാണെന്നു് സമ്മതിക്കാതെ ഗവണ്മെണ്ടു് ഇതുവരെ അതു് തുടർന്നുകൊണ്ടുപോന്നു. ഇപ്പോൾ ഗവണ്മെണ്ടിനു് ഇക്കാര്യത്തിൽ കുറെ ഒരു ബോധമുദിക്കുന്ന ലക്ഷണമാണു് കാണുന്നതു്. പക്ഷെ ഇപ്പോഴും സർക്കാരിന്റെ നയത്തെ എതിർക്കുന്നതു് മദ്യവർജ്ജനമുറപ്പിലയിൽ താല്പര്യമുള്ളവരായിരിക്കും. ഈ നയം നിലവിലുള്ള സ്ഥലങ്ങളിൽ സർക്കാരിന്റെ കുറെ വരുമാനം, നാലുകോടിയോളം രൂപ നഷ്ടപ്പെട്ടു എന്നുപറയുന്നതൊന്നുംതന്നെ മദ്യാസക്തരായ ജനങ്ങൾക്കു് യാതൊന്നും നഷ്ടപ്പെട്ടിട്ടില്ല എന്നതു് പരസ്യമായ ഒരു രഹസ്യമല്ലേ? നല്ല മദ്യം കുറഞ്ഞ വിലക്കു് കിട്ടുന്നതെങ്കിൽ മദ്യവർജ്ജന മേഖലകളിൽ പോകണമെന്നതു് മിക്കവരും ധരിച്ചിട്ടുണ്ടു്. അവിടെ അതിന്റെ കടിൽവ്യവസ്ഥയിൽ വ്യാപൃതരായിരിക്കുന്ന ബഹുസഹസ്രം ജനങ്ങളുണ്ടു്. നല്ല മദ്യം സേവിച്ചു് തഴമ്പിച്ച ലക്ഷക്കണക്കിനു് വേറെ ജനങ്ങളുമുണ്ടു്. ആദ്യത്തെ കൂട്ടർക്കു് തൊഴിലില്ലായ്മയും രണ്ടാമത്തെ കൂട്ടർക്കു് മദ്യത്തിനു് അമിതവിലയും വന്നുപെട്ടാൽ അവർ ഒളുങ്ങിയിരിക്കുമെന്നു് അവക്കെല്ലാം ആശ്വാസികളായി ചമയാൻ സാധിക്കുകയും ചെയ്യുമെന്നൊരാശ്വാസവു മുണ്ടു്. മദ്യവർജ്ജനനയത്തിൽ പരിഷ്കാരം വരുത്താൻ ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ചെയ്യേണ്ടതായി ഒറക്കാര്യമെയുള്ളു, അതായതു് ആ നയം ഉപേക്ഷിക്കുക നല്ല അടക്കവും ഒതുക്കവുമുള്ള സ്ഥലങ്ങൾനോക്കി മദ്യഷാപ്പുകൾ തുറക്കാനനുവദിക്കുക. ഇപ്പോഴത്തെ എന്തെങ്കിലും തടസ്സങ്ങൾ ഏർപ്പെടുത്താൻപോകുന്നുണ്ടെങ്കിൽ അതു കണ്ടു് പരിഷ്കാരം പരാജയിക്കും.

—o—

റേഡിയോ

ഏപ്രിൽ 21–ാംതീ-ബുധൻ

തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ,

454.5, 441.2, 517.2 മീറ്റർ.

കാലത്തു്

6–30 മംഗളവാദ്യം, സുഭാഷിതം
6–35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകൾ
6–40 വാർത്തകൾ ഇംഗ്ലീഷിൽ
6–45 ഉദയഗീതം
7–15 ഇന്നത്തെ ചിന്താവിഷയം
7–20 ഭക്തിഗീതം
7–30 വാർത്തകൾ മലയാളത്തിൽ
7–45 ഗാനപാഠം
8–00 വാർത്തകൾ ഇംഗ്ലീഷിൽ
8–15 വായ്പാട്ടു്
8–45 സമാപനം

ഉച്ചതിരിഞ്ഞു്

12–30 പ്രാദേശികവാർത്തകൾ
12–35 തൊഴിലാളിമണ്ഡലം
1–05 വായ്പാട്ടു്
1–20 വാർത്തകൾ മലയാളത്തിൽ
1–30 ലളിതഗാനങ്ങൾ
1–40 വാർത്തകൾ ഹിന്ദിയിൽ
1–50 സുഭാഷിതസംഗീതം
2–00 കാലാവസ്ഥ

രാത്രി

5–30 വായ്പാട്ടു്
6–00 പ്രാദേശിക അറിയിപ്പുകൾ
6–05 പ്രാദേശികവാർത്തകൾ
6–15 നാട്ടിൻപുറം
7–00 വാർത്താവലോകനം
7–10 ലഘുചിത്രഗാനങ്ങൾ
7–30 വാർത്തകൾ മലയാളത്തിൽ
7–45 സാഹിത്യകലാശാലാവിദ്യാർത്ഥികളുടെ കലാവേദി
8–00 മലയാളകൃതികൾ
8–30 കവിതാപൂതം
8–45 സംഗീതം
8–50 ഇന്നത്തെപാർലിമെന്റ്
9–00 വാർത്തകൾ ഇംഗ്ലീഷിൽ
9–15 വീക്ഷണം
9–30 ഡെൽഹിറിലേ
9 57 ഹരി കഥാകാലക്ഷേപം
10–30 വാർത്തകൾ ഇംഗ്ലീഷിൽ
10–35 കാലാവസ്ഥ
11–00 സമാപനം

....

13കാരൻ കൊലപാതകി

കത്രികക്കു് കുത്തി കൂട്ടുകാരനെ കൊന്നു

[സ്വ ലേ] കണ്ണൂർ, ഏ 20

ബാഡിത്തെരുപ്പു് പ്രവർത്തിക്കാരായ രണ്ടു് കുട്ടികൾ തമ്മിൽ കത്രികകൊണ്ടു് അന്യോന്യം കുത്തിയതിനെ തുടർന്നു് 12 വയസ്സു് പ്രായമായ സുധാമൻ എന്ന ബാലൻ കണ്ണൂരാസ്പത്രിയിൽവെച്ചു് മരണപ്പെട്ടിരിക്കുന്നു. 13 വയസ്സുള്ള പ്രസന്നൻ എന്ന മറ്റൊരു കുട്ടി കത്രികകൊണ്ടു് കുത്തിയതിനാലാണത്രെ ഇതു സംഭവിച്ചതു് ബാഡി പ്രവർത്തിയെടുക്കുന്ന മുറം അന്യോന്യം മാറിയെടുത്തതാണു് കാരണം. പോലീസ് ഒരു കേസ്സു് രജിസ്റ്റർ ചെയ്തു് അന്വേഷണം നടത്തിവരുന്നു.

....—

പഞ്ചായത്തുകൾക്കു് റേഡിയോ സെറ്റുകൾ അനുവദിച്ചു

തൃശ്ശൂർ, ഏ. 20

കേന്ദ്ര ഗവണ്മെണ്ടിന്റെ സബ്സിഡിയോടുകൂടി പഞ്ചായത്തുകൾക്കു് കമ്മ്യൂണിറ്റി ലിസണിങ്ങ് സെറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയനുസരിച്ചു് തൃശ്ശൂർ ജില്ലയിൽപ്പെട്ട അവണൂർ പഞ്ചായത്തിനു നാലും, ചേലൂർ, കുഴിക്കാട്ടിരി എന്നീ പഞ്ചായത്തുകൾക്കു് മൂന്നു വീതവും, കോലഴി പഞ്ചായത്തിനു രണ്ടും, പാഴൂർ, തെക്കുംകര എന്നീ പഞ്ചായത്തുകൾക്കു് ഒന്നുവീതവും പുതിയ റേഡിയോ സെറ്റുകൾ പബ്ലിക്കു് റിലേഷൻസ് ഡയറക്ടർ അനുവദിച്ചിരിക്കുന്നു.

—o—

ഇരിങ്ങാലക്കുട ബി. ഡി. സി. യോഗം

ഇരിങ്ങാലക്കുട, ഏ. 20

ഇരിങ്ങാലക്കുട ബ്ലോക്കു് ഡവലപ്മെന്റ് കമ്മിറ്റി എപ്രിൽ 29–ാംതീയതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞു് 3 മണിക്കു യോഗം ചേരുന്നതാണു്.

കോൺഗ്രസ്സ് അഴിമതിയെ തഴുകുന്നു

—അവയെ എങ്ങനെ നേരിടണം?

—കെ. എസ്സ്. ധരൻ—

പല വർഷങ്ങളായി പ്രത്യക്ഷിച്ചു് കഴിഞ്ഞ ഒരു വർഷത്തിനിടക്കു്, ദിനംപ്രതി, നാം കേട്ടുവരുന്ന ഒരു വാക്കാണു് അഴിമതി. കേന്ദ്രത്തിൽ ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീമതിയുടെ അഭ്യർത്ഥനയോടുകൂടി അദ്ദേഹത്തിന്റെ മുഖ്യപ്രവചനം അഴിമതി നിരോധനമായിരുന്നു. അഴിമതിക്കെതിരെ വേണ്ടതെന്തും ചെയ്യുമെന്നും അഴിമതി ഈ നാട്ടിൽനിന്നും തുടച്ചുനീക്കുവാൻ കഴിഞ്ഞില്ലെങ്കിൽ താൻ മന്ത്രിസ്ഥാനം രാജിവക്കുമെന്നും അദ്ദേഹം പ്രതിജ്ഞ ചെയ്തു. അതു കേൾക്കുക കണ്ണുനുതമായിരുന്നു. അഴിമതിനിവാരണത്തിന്റെ പേരിൽ വിജിലൻസ് കമ്മീഷൻ, സദാചാരസമിതി തുടങ്ങിയ പാധികളും അദ്ദേഹം കണ്ടുപിടിച്ചു. പക്ഷെ, എന്തൊണതിൽനിന്നെല്ലാം ഫലമുണ്ടായതു്? അഴിമതി അതിന്റെ വിശ്വരൂപപക്ഷങ്ങളുടിച്ചു് ഇന്നും ഭാരതത്തിനെ വിറപ്പിച്ചുകൊണ്ടിരിക്കുന്നു. ഭിക്ഷുമുതൽ മന്ത്രിവരെ, കളരി മുതൽ കോളേജ് വരെ, കന്യാകുമാരിമുതൽ കാശ്മീർ വരെ, ജനനം മുതൽ മരണംവരെ അഴിമതിയെ കട അഴിഞ്ഞാട്ടം അവിരാമം നടക്കുകയാണു്.

എന്താണു് അഴിമതി?

അഴിമതി എന്നു പറയുന്നതല്ലാതെ അതെന്താണെന്നു് അല്പം ഇരുന്നു് ചിന്തിക്കുന്നവർ എത്ര പേരുക്കുമാണു്. അഴിമതികൊണ്ടുമാത്രം ജീവിക്കുന്നവനും അഴിമതിയിലൂടെ ഇരയാകുന്നവനും അഴിമതിയെക്കുറിച്ചു് സംസാരിക്കുവാനുണ്ടു്. എന്നാൽ ഈ വിഷവൃക്ഷത്തിന്റെ മുഴുഞ്ഞിറങ്ങുന്ന വേരുകളെ വിശകലനം ചെയ്തു് വീക്ഷിക്കുവാൻ ഈ നാട്ടിലെ സാധാരണക്കാർക്കു് ശ്രമിച്ചുകാണുന്നില്ല. ഒരു പക്ഷെ ജീവിതത്തിൽ വന്നു ചേർന്നിരിക്കുന്ന കടുത്ത നിരാശയായിരിക്കണം അതിനു് കാരണം.

അഴിമതി പല തരങ്ങളാണു്. വലുതും ചെറുതുമായി, തിരിച്ചുറിയാൻ സാധിക്കാത്ത വിധം അതു് സമൂഹത്തിൽ അലിഞ്ഞുചേർന്നിരിക്കുകയാണു. പഞ്ചസാരകാർഡ് കിട്ടുവാൻ കളക്ടരുടെ ആഫീസിലെ ശിപായിയ്ക്കു് ചായ വാങ്ങികൊടുക്കുന്നതും ലൈസൻസ് കിട്ടാൻ മന്ത്രിക്കു് ആയിരത്തിന്റെ പച്ചനോട്ടുകൾ കൈമാറുന്നതും പ്രൈവറ്റ് സ്റ്റൂളിൽ ഒരു ടീച്ചറാകുവാൻ മാനേജർക്കു് 'ഡൊണേഷൻ' കൊടുക്കുന്നതും വ്യവസായ കുംഭകോണങ്ങൾ ഭരിയ്ക്കുന്ന പാർട്ടിയ്ക്കു് ലക്ഷങ്ങൾ സംഭാവന ചെയ്യുന്നതും മന്ത്രിസ്ഥാനമുപയോഗിച്ചു് സ്വന്തക്കാർക്കു് മടിശീലവീർപ്പിയ്ക്കുവാൻ നിയമഭേദഗതികൾ വരുത്തുന്നതും എല്ലാം അഴിമതിയുടെ വിവിധരൂപങ്ങളാണു്

അഴിമതി നിയമങ്ങൾ

ദിനപ്രതി പുതിയ പുതിയ നിയമങ്ങൾ നിമ്മിച്ചുതുകൊണ്ടോ അവയെ കർശനമായി നടപ്പാക്കിയതുകൊണ്ടോ അഴിമതിയുടെ അണുപോലും ചലിക്കുവാൻ പോകുന്നില്ല. നിയമങ്ങളെ ബഹുമാനിയ്ക്കുന്നതിലുപരി ജനങ്ങളുടെ ഒരു സ്വഭാവമാണെന്നും അങ്ങനെ പലതും ഇതിനകത്തു നടക്കുന്നു എന്നും ചിലർ കൊല്ലങ്ങൾക്കുമുമ്പു് വിളിച്ചു പറഞ്ഞപ്പോൾ അതു് വിരോധം കൊണ്ടു് പറഞ്ഞതു് പരത്തുന്ന അസംബന്ധങ്ങളാണെന്നു് നാം തള്ളിക്കളഞ്ഞു. ജനസാമാന്യത്തിന്റെ മുന്നിൽ ആപ്രസ്താവനം മാന്യതയുടേയും അന്തസ്സിന്റെയും പദവി നേടാൻ ശ്രമിച്ചു. ക്യമാകപ്പെടുത്തുന്നതിൽ മിഥ്യയായ പലതിനും യാഥാർത്ഥ്യത്തിന്റെ കള്ളരൂപം നൽകപ്പെട്ടു. വഞ്ചനയുടെ പരിപൂർണ്ണത പലേടത്തും നിഴൽവീശി. വൈചിത്ര്യമാർന്ന പ്രചരണപ്രവണത അവരുടെ സമരായുധമാക്കി. ത്യാഗധനന്യമായ സേവനത്തിന്റെ ശ്രുദ്ധവേടിയിലേക്കുള്ള വഴിച്ചുലുകം പ്രലോഭനത്തിന്റെയും പ്രകോപനത്തിന്റെയും മണം നിറഞ്ഞവയായി മാറി. പൊതുപണം സ്വന്തം മുതൽ മുടക്കാ പലിശയുമില്ലാത്തതായതിനാൽ വെളിച്ചുള്ളുള്ളവരും പഞ്ചാക്കരിഞ്ഞനക്കാരും അരിപൂപ്പുവെപ്പുകാരും പാൽ പ്പൊടി മോഷ്ടാക്കളും സേവനത്തിന്റെ കിരീടമണിഞ്ഞ രാജാക്കളായി. കപോസ്റ്റും കഴികളടേയും വായനശാലകളടേയും നഴ്സറി ക്ലാസുകളടേയും മഹിളാസമാജങ്ങളടേയും കലാസമിതികളടേയും ഗ്രാമനിരുത്തുകളടേയും പരസ്പര സഹായകേന്ദ്രങ്ങളടെയും വണ്ണചിത്രങ്ങളും രചിക്കപ്പെട്ടു. പുറം വാതിൽക്കാഴ്ചകളും ദൃശ്യമാക്കി. പക്ഷെ, ശ്രുനൃതയുടെ പാഴ്ശ്രീയിൽ നോക്കി മാലോകർ കഷ്ടം വെച്ചു.

അവർക്കു് കിരീടം കിട്ടി

പൊതുജീവിതവുമായി പുലബന്ധം പോലുമില്ലാത്ത കുറെയാളുകളം ഭാരത് സേവക് സമാജത്തിൽ കയറിപ്പറ്റി. ഇതു് മദ്ധ്യപ്രദേശിലെ കൊള്ളത്തലവന്മാരുടെ സംഘത്തെപ്പോലും നാണിപ്പിക്കുന്ന തീവെട്ടിക്കൊള്ളക്കാരുടെ സമൂഹമാണെന്നും അങ്ങനത്ത പലതും ഇതിനകത്തു നടക്കുന്നു എന്നും ചിലർ കൊല്ലങ്ങൾക്കുമുമ്പു് വിളിച്ചു പറഞ്ഞപ്പോഴും അതു് വിരോധം കൊണ്ടു്പറഞ്ഞു് പരത്തുന്ന അസംബന്ധങ്ങളാണെന്നു് നാം തള്ളിക്കളഞ്ഞു. ജനസാമാന്യത്തിന്റെ മുന്നിൽആപ്രസ്താനം മാന്യതയുടേയും അന്തസ്സിന്റെയും പദവി നേടാൻ ശ്രമിച്ചു. ക്യമാകപ്പെടുത്തുന്നതിൽ മിഥ്യയായ പലതിനും യാഥാർത്ഥ്യത്തിന്റെ കള്ളരൂപം നൽകപ്പെട്ടു. വഞ്ചനയുടെ പരിപൂർണ്ണത പലേടത്തും നിഴൽവീശി. വൈചിത്ര്യമാർന്ന പ്രചരണപ്രവണത അവരുടെ സമരായുധമാക്കി. ത്യാഗധനന്യമായ സേവനത്തിന്റെ ശ്രുദ്ധവേടിയിലേക്കുള്ള വഴിച്ചുലുകം പ്രലോഭനത്തിന്റെയും പ്രകോപനത്തിന്റെയും മണം നിറഞ്ഞവയായി മാറി. പൊതുപണം സ്വന്തം മുതൽ മുടക്കാ പലിശയുമില്ലാത്തതായതിനാൽ വെളിച്ചുള്ളുള്ളവരും പഞ്ചാക്കരിഞ്ഞനക്കാരും അരിപൂപ്പുവെപ്പുകാരും പാൽ പ്പൊടി മോഷ്ടാക്കളും സേവനത്തിന്റെ കിരീടമണിഞ്ഞ രാജാക്കളായി. കപോസ്റ്റും കഴികളടേയും വായനശാലകളടേയും നഴ്സറി ക്ലാസുകളടേയും മഹിളാസമാജങ്ങളടേയും കലാസമിതികളടേയും ഗ്രാമനിരുത്തുകളടേയും പരസ്പര സഹായകേന്ദ്രങ്ങളടെയും വണ്ണചിത്രങ്ങളും രചിക്കപ്പെട്ടു. പുറം വാതിൽക്കാഴ്ചകളും ദൃശ്യമാക്കി. പക്ഷെ, ശ്രുനൃതയുടെ പാഴ്ശ്രീയിൽ നോക്കി മാലോകർ കഷ്ടം വെച്ചു.

ഞെട്ടിക്കുന്ന പകൽകൊള്ള

ഇന്നിപ്പോൾ എന്റേയും നിങ്ങളുടേയും വിമർശനവീക്ഷണത്തിന്റെ വേലിക്കെട്ടകം പൊളിച്ചുമാറിക്കൊണ്ടു് ജനം നന്നായില്ലെങ്കിൽ അവരെ ഞങ്ങം നന്നാക്കും എന്നു് പറഞ്ഞിറങ്ങിയവരുടെ നേർക്കുപോലും ലോക്സഭയുടെ പബ്ലിക്കു് എക്കൌണ്ട്സ് കമ്മിറ്റി പ്രകാശിപ്പിച്ചിരിക്കുന്ന ഭയങ്കരമായ ആരോപണങ്ങളാണു് കമ്മിറ്റി ചൂണ്ടിക്കാട്ടിയിട്ടുള്ളതു്. അതു നോക്കി ഇന്നെന്നായിരിക്കുന്നു, അഴിമതി മാറാൻ, ജനത്തെയുദ്ധരിക്കാൻ യുവാക്കളുടെ പടയണി മാർച്ചു് ചെയ്യിച്ച സദാചാരത്തിന്റെ മൊത്തവില്പനക്കാക്കു് ശ്രേണമല്ല.

കേന്ദ്രസർക്കാരിൽനിന്നു് രണ്ടുകോടി മുപ്പതുലക്ഷം രൂപയും വിവിധ സംസ്ഥാനഗവണ്മെണ്ടുകളിൽനിന്നായി 96 ലക്ഷം കയും ഭാരത് സേവക്സമാജ് ധനസഹായം കൈപ്പറ്റിയിട്ടുണ്ടെന്നു് പബ്ലിക് അക്കൌണ്ട്സ് കമ്മിറ്റി ചൂണ്ടിക്കാണിച്ചിരിക്കുന്നു. കാര്യക്ഷമതാരാഹിത്യത്തിന്റേയും 'കംഫോണ്ട്'കളുടേയും വിവിധ ഉദാഹരണങ്ങളും പരാമർശിക്കപ്പെട്ടിരിക്കുന്നു. ഇവരുടെ പൊതുസേവനത്തിന്റെ നീണ്ട പട്ടിക തന്നെയുണ്ടു്. സർക്കാർ കാൺട്രാക്ടുകൾ ലേലം ചെയ്യാതെ നെഗോഷ്യേറ്റഡ് അടിസ്ഥാനത്തിൽ ഇവരോടുക്കുകയും പിന്നീടവ കിഴ്കരാക്കം കൊടുത്തു് വൻതുകകൾ കമ്മീഷൻ തട്ടുകയുമാണു് പൊതുസേവനമാതുകൾ! ഇവർക്കിന്നവരെക്രഡിറ്റ്പെയ്യ ഒരു വരവുചിലവു് കണക്കുപോലും ഇല്ലെന്നാണു് പറയുന്നതു്. ഗവണ്മെണ്ടിൽനിന്നു് സമാജത്തിനു് നൽകിയിട്ടുള്ള കെട്ടിടങ്ങളെല്ലാം തിരിച്ചെടുക്കണമെന്നും മേലിൽ ഒരൊറ്റ പൈസപോലും ഇവക്കു് നൽകരുതെന്നും പബ്ലിക് എക്കൌണ്ട്സ് കമ്മിറ്റിറിസർക്കാരിനോടു് നിർദ്ദേശിച്ചിട്ടുണ്ടു്.

ഈ തുക ഇവരെന്തുചെയ്തു?

ബി. എസ്., എസ്സിനു് ലഭിച്ച ഈ കോടിക്കണക്കിനു് രൂപ ഇവരെന്തു് ചെയ്തു? ലോണായും മറ്റും കൊടുത്ത കണക്കില്ലാത്ത സംഖ്യകൊക്കപ്പുറത്തുള്ള പദ്ധതിപ്രചരണ സഹായത്തിനെന്ന പേരിൽ പ്ലാനിങ്ങ് കമ്മീഷൻ അലോട്ടുചെയ്ത വേറെയും സംഖ്യ ഇവക്കു ലഭിക്കുന്നുണ്ടെന്നാണറിവു്. പൊതുജനങ്ങളിൽനിന്നു് പിരിച്ചെടുക്കുന്ന സംഭാവനയുകകൊ വേറെ. 'കെയർ' (Care) പോലെയുള്ള അനേകം സംഘടനകളും നൽകുന്ന സഹായവുമുണ്ടു്. ഇതൊക്കെ എന്തുചെയ്തു എന്നു് പൊതുസേവനത്തിന്റെ ലേബലൊട്ടിച്ചുനടക്കുന്ന ഇവർക്കു് ജനങ്ങളോടു് പറയാൻ ബാധ്യതയുണ്ടു്. നമ്മുടെ നികുതിപ്പണമാണിവർ വെട്ടിച്ചെടുത്തിട്ടുള്ളതു്. ഒരു സാമൂഹ്യസംഘടന നടത്താൻ കോടിക്കണക്കിനു് രൂപ വെള്ളത്തിലാക്കണമെന്നുവരുന്നതു് കഷ്ടമാണു്.

കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളുമായി കരാറുകളിൽപ്പെടുന്ന സ്വകാര്യസംഘടനകളോടു് കരാറെ മന്ത്രികളപോലും ബന്ധമുണ്ടായിരിക്കുമെന്നും ഗവണ്മെണ്ടു് സഹായധനം നൽകുന്ന എല്ലാ സ്വകാര്യസംഘടനകളുടെ കാര്യത്തിൽ എന്തുചെയ്യണമെന്നാറിയാതെ പാട്ടിപ്പുവത്തകർ കഴുങ്ങി. അധികൃതരുടെ നിർദ്ദേശലഭിക്കായുള്ളവർ വിളകൾ തുണക്കുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ അവർ സന്നദ്ധരായില്ല. അതുകൊണ്ടു് പഴയപടി അവർ ഉല്പന്നങ്ങൾ സംഭരിച്ചുവെച്ചു.

തൽഫലമായി ധാന്യങ്ങളും പരത്തിയും മറ്റും കീടബാധ, ഈപ്പും എന്നിവ കാരണം നശിച്ചുപോയി. അധികൃതരുടെഅഹന്തയും പാട്ടിപ്രവർത്തകരുടെ അലഭാവവും പാട്ടിയുടെ മണ്ടത്തരവും കാരണമാണു് ഇങ്ങനെ സംഭവിച്ചതെന്നു് "താങ്കൾപാവോ" ഒരു മുഖ്യ സംഗതിയിൽ അഭിപ്രായപ്പെട്ടു.

കസ്റ്റോറിയ അനുഭവങ്ങളുടെ വെളിച്ചത്തിൽ, മൻകൈയെടുത്തു പ്രവർത്തിച്ചു് വിമർശനത്തിനും തരം താഴ്ത്തലിനും വിധേയമാകാതെ പാർട്ടിയുടെ നിലവിലുള്ള നിർദ്ദേശങ്ങളനുസരിക്കുകയാണു് കൂടുതൽ സുരക്ഷിതമായ മാർഗ്ഗമെന്നു് പാർട്ടി പ്രവർത്തകർ കരുതുന്നു.

ചൈനീസ് പാർട്ടിയിലെ പട്ടാളച്ചിട്ട സാമ്പത്തികരംഗത്തൊരാഘാതം

ചൈനയിൽ പാർട്ടിയിൽ നടപ്പാക്കിയിട്ടുള്ള പട്ടാളച്ചിട്ട ഏതാനും സാമ്പത്തിക രംഗങ്ങളിൽ കനത്ത നഷ്ടത്തിനിട ഉണ്ടാകത്തക്കവിധം കക്കശമായിത്തീർന്നിരിക്കുന്നതായി ചൈനീസ് പത്രങ്ങളിലെ റിപ്പോർട്ടുകളിൽനിന്നു കാണുന്നു. ഇതു് പാർട്ടിപ്രവർത്തകരുടെ ഉത്സാഹം കെടുത്തിക്കളഞ്ഞിട്ടുണ്ടു്. സ്ഥിതിഗതികൾ വേണ്ടതുപോലെ കൈകാര്യം ചെയ്യുന്നതിൽ പാർട്ടി നേതാക്കന്മാരിൽനിന്നുമുൻകൂട്ടി വ്യക്തമായ നിർദ്ദേശം ലഭിക്കാതെ നടപടിയെടുക്കാൻ അവർ വിസമ്മതിക്കുന്നു.

കഴിഞ്ഞ ശരൽക്കാലത്തു് ചൈനയിൽ പല സ്ഥലങ്ങളിലും തുടരെ മഴപെയ്തിരുന്നതുകൊണ്ടു് ധാന്യങ്ങളും, പരുത്തി, എണ്ണക്കുരുക്കൾ എന്നിവയിൽ താരതമ്യേന കൂടുതൽ ജലാംശം അടങ്ങിയിരുന്നു. അതുകൊണ്ടു് കൂടുതൽ സമയം അവ ഉണക്കേണ്ടിയിരുന്നു. മുമ്പു് തണുപ്പുകാലത്തു് ഇതാവശ്യമില്ലായിരുന്നതുകൊണ്ടു് പുതിയ വിളകളുടെ കാര്യത്തിൽ എന്തുചെയ്യണമെന്നാറിയാതെ പാട്ടിപ്രവർത്തകർ കഴുങ്ങി. അധികൃതരുടെ നിർദ്ദേശലഭിക്കായുള്ളവർ വിളകൾ തുണക്കുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ അവർ സന്നദ്ധരായില്ല. അതുകൊണ്ടു് പഴയപടി അവർ ഉല്പന്നങ്ങൾ സംഭരിച്ചുവെച്ചു.

തൽഫലമായി ധാന്യങ്ങളും പരത്തിയും മറ്റും കീടബാധ, ഈപ്പും എന്നിവ കാരണം നശിച്ചുപോയി. അധികൃതരുടെഅഹന്തയും പാട്ടിപ്രവർത്തകരുടെ അലഭാവവും പാട്ടിയുടെ മണ്ടത്തരവും കാരണമാണു് ഇങ്ങനെ സംഭവിച്ചതെന്നു് "താങ്കൾപാവോ" ഒരു മുഖ്യ സംഗതിയിൽ അഭിപ്രായപ്പെട്ടു.

കസ്റ്റോറിയ അനുഭവങ്ങളുടെ വെളിച്ചത്തിൽ, മൻകൈയെടുത്തു പ്രവർത്തിച്ചു് വിമർശനത്തിനും തരം താഴ്ത്തലിനും വിധേയമാകാതെ പാർട്ടിയുടെ നിലവിലുള്ള നിർദ്ദേശങ്ങളനുസരിക്കുകയാണു് കൂടുതൽ സുരക്ഷിതമായ മാർഗ്ഗമെന്നു് പാർട്ടി പ്രവർത്തകർ കരുതുന്നു.

നകാര്യമെങ്കിലും കമ്മിറ്റി ശ്രുദ്ധാപൂർവ്വം പരിശോധിക്കുന്നു. പ്രത്യേക കാര്യങ്ങളിൽ വിശേഷവിധിയായി എന്തെങ്കിലും വിട്ടുവീഴ്ചകം വേണമെങ്കിൽ അതിനു് കാബിനറിന്റെ അംഗീകാരം വേണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടു്.

ഇവരെ ശ്രുദ്ധിക്കുക.

നമ്മുടെ മുഴുവൻ ശ്രുദ്ധയുമാകർഷിക്കുന്

ഫോർട്ട്കൊച്ചി ലോക്കപ്പിലെ മരണം

പ്രസിഡണ്ട് ഭരണത്തിൽ ലോക്കപ്പ് കൊലമുറിയാവുന്നു

കഞ്ഞുമുഹമ്മതിന്റെ മരണകാരണം പോലീസ് മർദ്ദനംതന്നെ

[സ്വന്തംലേഖകൻ] ഫോർട്ട്കൊച്ചി, ഏ. 20

ഫോർട്ട്കൊച്ചി പോലീസ് കസ്റ്റഡിയിലിരുന്ന് കെ. കെ. കഞ്ഞുമുഹമ്മത് മരണപ്പെട്ട സംഭവത്തോടനുബന്ധിച്ച് കോൺസ്റ്റബിൾ ...ലവൻനായരെ അന്വേഷണത്തിന്ന് വിധേയമായി സസ്പെൻറ് ചെയ്തിരിക്കുന്നു.

ഈ കേസ് സംബന്ധിച്ച് പോലീസ് സബ്ബ് ഇൻസ്പെക്ടർ മാതൃുമുതലാളിയെക്കുറിച്ച് ഡി. എസ്. പി. അന്വേഷണം നടത്തിവരുന്നതായറിയുന്നു.

വെള്ളിയാഴ്ച അർദ്ധരാത്രിയിൽ കുടിച്ച് ബഹള മുണ്ടാക്കിയതിനാണ് കഞ്ഞുമുഹമ്മതിനെ പോലീസ് അറസ്റ്റ് ചെയ്തതെന്നും അറസ്റ്റിന്നുമുമ്പ് ബലപ്രയോഗം നടന്നു എന്നുമാണ് പോലീസ് ആദ്യം നൽകിയ റിപ്പോർട്ട്. എന്നാൽ, കല്ലുപാലത്തിന്നടുത്തു് ഒരു ചായക്കടയിലിരുന്ന കഞ്ഞുമുഹമ്മത് അവിടെ കയറിച്ചെന്ന ഒരു പോലീസ്കോൺസ്റ്റബിളിനോട് തനിക്ക് കിട്ടാനുള്ള പണം ആവശ്യപ്പെട്ടെന്നും ഇതിനെത്തുടർന്നുളവായ സംവാദത്തിൽ പോലീസ്കാരൻ കൂട്ടുകാരായ മററ് പോലീസുകാരോടുകൂടി മുഹമ്മതിനെ മർദ്ദിക്കുകയും വഴിയെവന്ന ഒരു സൈക്കിൾറിക്ഷയിൽകയററി സ്റ്റേഷനിലേക്ക്കൊണ്ടുപോവുകയുമാണുണ്ടായതു് എന്നും അറിയുന്നു.

കഞ്ഞുമുഹമ്മത് മർദ്ദനംമൂലമാണ് മരണമടഞ്ഞതെന്ന് അദ്ദേഹത്തിന്റെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർ രേഖപ്പെടുത്തിയിട്ടുണ്ട്. ഫോർട്ട്കൊച്ചി ആർ. ഡി. ഓ. നടത്തിയ ഇൻക്വസ്റ്റ് റിപ്പോർട്ട് ഡി. എസ്. പി. ക്ക് ലഭിച്ചതിനെത്തുടർന്നാണ് കോൺസ്റ്റബിളിന്റെ സസ്പെൻഷനും മററന്വേഷണനടപടികളും ഉണ്ടായതു്.

ലോക്കപ്പിൽവെച്ചുതന്നെ മരണംസംഭവിച്ചിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞതു്. സബ്ബ് ഇൻസ്പെക്ടർമാതൃുമുതലാളിയുടെ പരികാർമ്മികത്വത്തിലാണ് ഈ കിരാതവാഴ്ച നടന്നതെന്ന് അസന്നിഗ്ദ്ധമായി തെളിയപ്പെട്ടിരിക്കുന്നു. പക്ഷെ ഇൻസ്പെക്ടരദ്ദേഹം സ്ഥലത്തില്ലായിരുന്നെന്നും അവധിയിലായിരുന്നെന്നും റിക്കാർഡുണ്ടാക്കിയിരിക്കുന്നത്രെ.

പ്രസിഡണ്ടുഭരണത്തെത്തുടർന്ന് പഴയദിവാൻ ഭരണകാലത്തെപ്പോലെ തങ്ങളാണിപ്പോൾ പരമാധികാരികളെന്ന ഉദ്യോഗസ്ഥന്മാരുടെ ഗർവ്വ് പ്രദർശിപ്പിക്കലാണിവിടേയും നടന്നതു്. കോൺഗ്രസ്സ് ഭരണകാലത്തു് കിരാതമായ ലോക്കപ്പ് മർദ്ദനങ്ങളും മർദ്ദനമരണങ്ങളും ഉണ്ടായിട്ടുണ്ട്. കക്ഷിഭരണത്തേക്കാൾ ...ഷിച്ച പൈശാചികഭരണസംവിധാനമാണ് പ്രസിഡണ്ട് ഭരണമെന്ന് ജനങ്ങളിൽ ആശങ്കവളർന്നിരിക്കുന്നു. മൂക്കുകയറില്ലാതെ പണ്ടക്കാളകളെപോലെ ഉദ്യോഗസ്ഥന്മാരെ ഇങ്ങിനെ കയറൂരി വിടുന്നതു് ആപത്താണ്.

ജൂഡീഷ്യൽ അന്വേഷണം വേണം

ഈ സംഭവത്തിന്ന് ഉത്തരവാദികളും തെററുകാരുമായ പോലീസുകാരുടെമേൽ കർശനനടപടികളെടുക്കുകയും സംഭവത്തെക്കുറിച്ച് ഒരു ജൂഡീഷ്യൽ അന്വേഷണം നടത്തുകയും വേണമെന്ന് എ. എ. കൊച്ചുണ്ണി ആവശ്യപ്പെട്ടിരിക്കുന്നു. കുററക്കാരെന്ന് സംശയിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ അന്വേഷണഘട്ടത്തിൽ ഉദ്യോഗത്തിൽ തുടരുന്നതു് ജനാധിപത്യവിരുദ്ധമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

മാതൃൂ മുതലാളിയെ ഈ ഏടാകൂടത്തിൽനിന്നും രക്ഷിക്കാൻ ചില രാഷ്ട്രീയ നേതാക്കൾ ശ്രമം തുടരുന്നതായും റിപ്പോർട്ടുണ്ട്.

അന്വേഷിക്കുന്നെന്നു്

കഞ്ഞുമുഹമ്മതിന്റെ മരണകാരണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിവരികയാണെന്നും യഥാർത്ഥ കുററവാളികളെ മാതൃകാപരമായി ശിക്ഷിക്കുന്നതാണെന്നും കഴിഞ്ഞദിവസം എറണാകുളത്തുവെച്ച് ഗവർണ്ണറെ സന്ദർശിച്ച തൊഴിലാളി നേതാക്കൾക്ക് ശ്രീ. ജയിൻ ഉറപ്പുനൽകിയിരിക്കുന്നു.

....

ചെറുകിട വ്യവസായങ്ങൾക്ക് സഹായം

എറണാകുളം, ഏപ്രിൽ 20

കേരളത്തിലെ ചെറുകിട വ്യവസായ സർവ്വീസ് ഇൻസ്റ്റിട്യൂട്ടും അതോടനുബന്ധിച്ചുള്ള വിപുലീകരണ കേന്ദ്രങ്ങളും 1964-65ൽ ആയിരത്തോളം കക്ഷികൾക്ക് പുതിയ വ്യവസായങ്ങൾ തുടങ്ങാനാവശ്യമായ വിവരങ്ങൾ നൽകുകയുണ്ടായി.

ഇൻസ്റ്റിട്യൂട്ട് ഏകദേശം 5000 കക്ഷികളുമായി സമ്പർക്കം പുലർത്തുകയും 1900 കക്ഷികൾക്ക് സാങ്കേതികോപദേശം നൽകുകയും ചെയ്തു. 2023 കക്ഷികളെ മററ വിവിധ രീതികളിൽ സഹായിച്ചു. ഇൻസ്റ്റിട്യൂട്ടിനോട് അനുബന്ധിച്ചുള്ള മൂന്ന് മൊബൈൽ വർക്ക്ഷോപ്പുകൾ 400-ഓളം പ്രദർശനങ്ങൾ നടത്തി.

ഷൊർണ്ണൂർ, ആലപ്പുഴ എന്നിവിടങ്ങളിലെ വിപുലീകരണകേന്ദ്രങ്ങൾ ഈ മാസമാദ്യം മുതൽ സ്വന്തമായ സ്ഥിരം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതു്. കല്ലായ്, തൃശ്ശൂർ, കല്ലൂർ എന്നിവിടങ്ങളിലെ കേന്ദ്രങ്ങൾക്കും സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

റിപ്പോർട്ടുകാലത്തു് ഇൻസ്റ്റിട്യൂട്ടിനും വിപുലീകരണകേന്ദ്രങ്ങൾക്കും 60,000 ക. വരുമാനമുണ്ടായി.

....

ഇന്ത്യയുടെ നിലപാട് അനുകൂലമല്ലെന്നു് അയൂബ്

[ഏ എഫ് പി] പെഷവാർ, ഏ. 19

കാശ്മീർ തർക്കത്തിന്ന് സൌഹാർദ്ദപരമായ ഒരു പരിഹാരം കാണണമെന്ന് പ്രസിഡണ്ട് അയൂബ്ഖാൻ ഇവിടെ പ്രസ്താവിച്ചു. അതിൽക്കൂടി മാത്രമേ ലോകസമാധാനത്തിന്നുള്ള പാക്ക് ശ്രമങ്ങൾ പൂർണ്ണമായും ഫലിക്കുകയുള്ളു.

ചൈനയും, സോവിയററ് യൂനിയനും, അഫ്ഗാനിസ്ഥാനും ചെയ്തതുപോലെ പാക്കിസ്ഥാന്റെ സൌഹാർദ്ദപരമായ നിലപാടിനെ ഇന്ത്യ അനുകൂലമായി വീക്ഷിക്കണമെന്ന് അയൂബ് പറഞ്ഞു. എന്നാൽ ഇന്ത്യയുടെ നിലപാട് പ്രോത്സാഹജനകമല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

....

ധ്യാനങ്ങൾ

[സ്വ ലേ] പറപ്പൂക്കര, ഏ. 19

ഇവിടേക്കടുത്ത നന്തിക്കര സെൻറ് മേരീസ്സ് ദേവാലയത്തിലെ വർഷാന്ത ധ്യാനം അവസാനിച്ചിരിക്കുന്നു. ആനന്ദപുരത്തെ പള്ളിയിലും ധ്യാനം നടത്തപ്പെട്ടു.

സഹകരണ സംഘങ്ങൾക്ക് ഗഡുവുപള്ളി ഫണ്ട്

ഇരിഞ്ഞാലക്കട, ഏ. 20

ഇരിഞ്ഞാലക്കട വികസന ബ്ലോക്കിലെ നാലു സഹകരണ സംഘങ്ങൾക്ക കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഗഡുവുപള്ളി സഹായ ഫണ്ടായി 4,055 രൂപാ ബ്ലോക്കിൽനിന്ന് അനുവദിക്കുകയുണ്ടായി.

ഗുദാം പണിയാൻ വായ്പ

തൊട്ടിപ്പാൾ, ഏ. 20

തൊട്ടിപ്പാൾ സർവ്വീസ് സഹകരണ സംഘത്തിന്ന് ഒരു ഗുദാം പണിയുന്നതിന്ന് വികസന ബ്ലോക്കിൽനിന്ന് 90,000 രൂപാ വായ്പ അനുവദിച്ചിരിക്കുന്നു.

അവരുടെ പ്രതിഷേധം

കണ്ടശ്ശാംകടവ്, ഏ. 18

വിയററ്നാം യുദ്ധത്തിൽ ഇടപെടുന്ന വൻകിട രാഷ്ട്രങ്ങളിൽ, അമേരിക്കയോടുള്ള പ്രതിഷേധം പ്രകടിപ്പിക്കാൻ വലതുപക്ഷ കമ്യൂ: പാർട്ടിയുടെ സമാധാന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നു കാഞ്ഞാണി സെന്ററിൽ ഒരു പൊതുയോഗം ചേരുകയുണ്ടായി.

....

സമ്മർ സയൻസ് ഇൻസ്റ്റിട്യൂട്ടുകൾ ഈ മാസമാരംഭിക്കുന്നു

ന്യൂഡൽഹി, ഏ. 20

ദക്ഷിണേന്ത്യയിൽവച്ച് ഏപ്രിൽ 26-ാംതീയതി മുതലാരംഭിക്കുന്ന 20 സമ്മർ സയൻസ് ഇൻസ്റ്റിട്യൂട്ടുകളിൽ പങ്കെടുക്കാൻ എത്തിയിട്ടുള്ള 47 അമേരിക്കൻ പ്രൊഫസർമാർക്ക് ക്രമീകരണബോധനം നൽകുന്നതിന്ന് ഉദ്ദേശിച്ചുള്ള ഒരു സമ്മേളനം ഇന്നലെ അശോകാ ഹോട്ടലിൽവച്ച് ആരംഭിച്ചു. യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷന്റെ ചെയർമാൻ ഡോ: ഡി. എസ്. കോത്താരിയും സാർവ്വദേശീയ വികസനത്തിനുള്ള അമേരിക്കൻ ഏജൻസി (യു. എസ്. എ. ഐ. ഡി.)യുടെ മിനിസ്റ്റർ-ഡയറക്ടർ ഡോ: ജോൺ പി. ലൂയീസും ഈ യോഗത്തിൽ പ്രസംഗിക്കുകയുണ്ടായി. ഈ വേനൽ ഒഴിവുകാലത്തു് ഇന്ത്യയുടെ മററ ഭാഗങ്ങളിൽവച്ച 47 സമ്മർ ഇൻസ്റ്റിട്യൂട്ടുകൾകൂടി നടത്തുന്നതാണ്.

ശാസ്ത്രവിഷയങ്ങളും ഗണിതശാസ്ത്രവും സംബന്ധിച്ച ഈ സമ്മർ ഇൻസ്റ്റിട്യൂട്ടുകൾ വിദ്യാഭ്യാസ രംഗത്തു് ഇന്ത്യയും അമേരിക്കയും തമ്മിലുള്ള സഹകരണത്തിന് ഒരു ഉദാഹരണമാണ്. ഇതിനുമുമ്പ് നടന്ന ഇത്തരം ഇൻസ്റ്റിട്യൂട്ടുകൾ ജനിപ്പിച്ച ഉൽസാഹവും തങ്ങളുടെ ബോധനസമ്പ്രദായങ്ങളും ഉപായങ്ങളും ആധുനികമാക്കാൻ ഇന്ത്യൻ അദ്ധ്യാപകർക്കുള്ള വലുതായ അഭിലാഷവും ഈ വർഷം കൂടുതൽ ഇൻസ്റ്റിട്യൂട്ടുകൾ നടത്താൻ ഇന്ത്യാ ഗവണ്മേണ്ടിനു പ്രചോദനം നൽകി. 1963ൽ നാല് ഇൻസ്റ്റിട്യൂട്ടുകളോടുകൂടിയാണ് ഈ പരിപാടിയാരംഭിച്ചതു്. കഴിഞ്ഞവർഷം അതു 44 ആയി വർദ്ധിച്ചു; 84 അമേരിക്കക്കാർ അവയിൽ പങ്കെടുക്കുകയുമുണ്ടായി. ഈ വർഷം 94 ഇൻസ്റ്റിട്യൂട്ടുകൾ നടത്തുന്നുണ്ട്.

ആദ്യത്തെ രണ്ടുവർഷം 2000 ഇന്ത്യൻ അദ്ധ്യാപകർ ഈ ഇൻസ്റ്റിട്യൂട്ടുകളിൽ പങ്കെടുത്തു. ഈവർഷം 4000ൽ പരം അദ്ധ്യാപകർ സംബന്ധിക്കുന്നതാണ്. ഇന്ത്യയിലെ ശാസ്ത്രാദ്ധ്യാപകരുടെ എണ്ണം ഒരു ലക്ഷമാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ഈ സമ്മർ ഇൻസ്റ്റിട്യൂട്ടുകൾ നടത്തുന്നതിൽ പത്തു് വ്യത്യസ്ത സ്ഥാപനങ്ങൾ സഹകരിക്കുന്നുണ്ട്. ഇതിൽ പങ്കെടുക്കുന്ന അമേരിക്കക്കാരെ തെരഞ്ഞെടുക്കുന്നതിലും അവർ അമേരിക്കയിൽനിന്നു പുറപ്പെടുംമുമ്പ് അവർക്കാവശ്യമായ ക്രമീകരണബോധനം നൽകുന്നതിലും നാഷനൽ സയൻസ് ഫൌണ്ടേഷൻ സഹായിക്കുന്നുണ്ട്.

ഈ സമ്മർ ഇൻസ്റ്റിട്യൂട്ടുകൾ നാലു ഇനങ്ങളിൽപെടുന്നു. സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്കുള്ളവയുടെ ചുമതല ടീച്ചേഴ്സ് കോളേജിനാണ്. സർവ്വകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകർക്കുള്ളവയുടെ ചുമതല ഒഹായോ സ്റ്റേററ് സർവ്വകലാശാല വഹിക്കുന്നു. പോളി ടെക്ക്നിക്ക് ഇൻസ്റ്റിട്യൂട്ടുകളിലെ അദ്ധ്യാപകരുടെ ചുമതല ഹ്യൂസ്റ്റൺ സർവ്വകലാശാലയ്ക്കും എഞ്ചിനീയറിങ്ങ് കോളേജ് അദ്ധ്യാപകരുടെ ചുമതല വിസ്കോൺസിൻ സർവ്വകലാശാലയ്ക്കുമാണ്.

ഈ വർഷം നടത്തുന്ന 94 ഇൻസ്റ്റിട്യൂട്ടുകൾക്ക് ഇന്ത്യയിലെ 57 ഉന്നതവിദ്യാസ്ഥാപനങ്ങൾ ആതിഥേയത്വം വഹിക്കുന്നതാണ്. അമേരിക്കയിലെ 116 സ്ഥാപനങ്ങൾ അവയുടെ സ്റ്റാഫിൽപെട്ട 195 വിദഗ്ദ്ധന്മാരുടെ സേവനം സുപ്രധാനമായ ഈ പദ്ധതിക്കുവേണ്ടി നൽകുന്നുണ്ട്.

കേരളത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളാണ് സമ്മർ ഇൻസ്റ്റിട്യൂട്ടുകൾക്ക ആതിഥേയത്വം വഹിക്കുന്നതു്. കേരള സർവ്വകലാശാല തിരുവനന്തപുരം, മാർ ഇവാനിയോസ് കോളേജ് തിരുവനന്തപുരം, കേരള സർവ്വകലാശാലയിലെ ബോട്ടണി സെൻറർ കോഴിക്കോട്, എസ്സ്. എൻ. കോളേജ് കൊല്ലം, കേരള സർവ്വകലാശാല വക മാത്തമാററിക്സ് സെൻറർ എറണാകുളം.

....

കത്തിക്കുത്തും മരണവും

കണ്ണൂർ ഏപ്രിൽ 19

എടക്കാട്ട പോലീസ് സ്റ്റേഷനതൃത്തിയിൽ പെട്ട തട്ടാരിപ്പാലത്തിന്ന് സമീപംവെച്ച ചെമ്മായിമമ്മതു് എന്നൊരാൾ അടിച്ചതിനാലാണത്രെ ഗുരുതരമായ പരിക്കുകളോടെ കണ്ണൂർ ആസ്പത്രിയിൽ ഖാദർ എന്നൊരാളെ പ്രവേശിപ്പിച്ചിരിക്കുന്നു.

പട്ടവിലായി അംശക്കാരനായ നട്ടകണ്ടി ചന്തു എന്നൊരാളെ കത്തികൊണ്ടു കുത്തി കൊലപ്പെടുത്തിയതിനെ തുടർന്നു കരുവാൻ പരത്തു കണ്ണനെ പോലീസ് അറസ്റ്റുചെയ്തിരിക്കുന്നു.

(സ്വ. ലേ)

....



തലസ്ഥാനത്തുനിന്നു്

[സ്വ. ലേ] തിരുവനന്തപുരം, ഏ. 19

ഗവർണ്ണർ ശ്രീ. എ. പി. ജെയിൻ ഏപ്രിൽ 22-ാംനു- ഡൽഹിക്കു പോകുന്നതാണ്. മേയ് 1-ാംനു- രാവിലെ അദ്ദേഹം തിരുവനന്തപുരത്തു തിരിച്ചെത്തും. ഈ യാത്രയ്ക്കിടയിൽ ഏപ്രിൽ 28-ാംനു- അദ്ദേഹം ലക്നോ സന്ദർശിക്കുന്നതുമാണ്.

അഡ്വൈസറും ഡൽഹിക്ക്

അഡ്വൈസർ ശ്രീ. ആർ. പ്രസാദ് ഏപ്രിൽ 22-ാംനു- രാവിലെ ഡൽഹിയിലേക്ക് പോകുന്നതും 23, 24, 25 എന്നീ തീയതികളിൽ അവിടെ ക്യാമ്പു ചെയ്യുന്നതും 26-ാംനു- തിരുവനന്തപുരത്തു് തിരിച്ചെത്തുന്നതുമാണ്.

സർവ്വേ പ്രവേശനപരീക്ഷ

സർവ്വേ ഡിപ്പാർട്ടുമെൻറിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ സെൻററുകളിൽ വെച്ച് തുടങ്ങുവാനുദ്ദേശിക്കുന്ന ഹയർ സർവ്വേ ക്ലാസ്സുകളിലേയ്ക്കും തിരുവനന്തപുരം സെൻററിൽവെച്ചു നടത്തുന്ന ഡ്രാഫ്റ്റ്സ്മാൻ കോഴ്സിലേയ്ക്കും പ്രവേശനത്തിനുള്ള അപേക്ഷകൾ 1965 ഏപ്രിൽ 30 ാംനു-ക്കുമുമ്പ് സർവ്വേ ഡയറക്ടറാഫീസിൽ കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ മാർച്ച് 23, 30, ഏപ്രിൽ 6 എന്നീ തീയതികളിലെ ഗസററിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പേക്കമ്മീഷനു് തെളിവു നൽകി

ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാററിസ്റ്റിക്സ് അസോസിയേഷൻ പ്രതിനിധികളായ ശ്രീ. ടി. എൻ. പത്മനാഭപിള്ള, ശ്രീ കെ. ലക്ഷ്മണൻ, ശ്രീ. ഇ. എസ്. രാമചന്ദ്രൻനായർ, ശ്രീ. ടി. ദിവാകരൻനായർ എന്നിവർ ഇന്നു പേക്കമ്മീഷൻ മുമ്പാകെ ഡിപ്പാർട്ടുമെൻറിലെ വിവിധ വിഭാഗം എൻ. ജി. ഒ.മാരുടെ ശമ്പളനിരക്കുകൾ സംബന്ധിച്ച് തെളിവ് നല്കിയിരിക്കുന്നു.

ടി. സി. അറബിക് മുൻഷീസ് അസോസിയേഷൻ പ്രതിനിധികൾ ശ്രീ. എ. മുഹമ്മദ് കുഞ്ഞിന്റെ നേതൃത്വത്തിൽ ഇന്ന് പേക്കമ്മീഷനെക്കണ്ടു് തെളിവു നൽകി.

കരകൗശല വിദഗ്ദ്ധന്മാർക്കുള്ള ദേശീയ അവാർഡു്

മെച്ചപ്പെട്ട കരകൗശല വിദഗ്ദ്ധന്മാർക്ക് പ്രസിഡണ്ടിന്റെ അവാർഡ് നൽകാനുള്ള പദ്ധതി ഈ വർഷവും തുടരുവാൻ നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനത്തു് ഇക്കാര്യത്തിൽ താല്പര്യമുള്ള കരകൗശല വിദഗ്ദ്ധന്മാർ തങ്ങളുടെ പേരും, നിർമ്മിച്ചിട്ടുള്ള കരകൗശലവസ്തുക്കളുടെ വിവരവും അതു നിർമ്മിച്ച കാലവും ഏപ്രിൽ 30-ാംനു-ക്കു മുൻപ് വ്യവസായ ഡയറക്ടറെ അറിയിക്കേണ്ടതാണ്. പ്രസ്തുത കരകൗശലവസ്തുക്കളുടെ നിർമ്മാതാവ് ആരെന്നു തെളിയിക്കാനുതകുന്ന ഒരു സർട്ടിഫിക്കററും ഹാജരാക്കിയിരിക്കണം. താൻ നിർമ്മിച്ച ഒന്നോ രണ്ടോ മാതൃകാ കരകൗശലവസ്തുക്കളും അപേക്ഷയോടൊന്നിച്ച് അയയ്ക്കേണ്ടതാണ്.

കാർഷികോല്പാദനത്തിൽ അഭിവൃദ്ധിയുണ്ടാവാൻ സാദ്ധ്യത

കൃഷിവകുപ്പ് റിപ്പോർട്ടിലെ പ്രത്യാശ

ന്യൂഡൽഹി, ഏപ്രിൽ 19

1964-65-ൽ കാർഷികോല്പാദനം ഗണ്യമായി അഭിവൃദ്ധിപ്പെടാൻ സാദ്ധ്യതയുള്ളതായി കേന്ദ്ര ഭക്ഷ്യ-കൃഷി മന്ത്രി കാര്യാലയത്തിലെ കൃഷിവകുപ്പിന്റെ വാർഷിക റിപ്പോർട്ട് പ്രസ്താവിക്കുന്നു.

ഇപ്പോഴത്തെ സൂചനകളനുസരിച്ച് അരിയുടെ ഉല്പാദനം മുൻ വർഷം 365 ലക്ഷം ടണ്ണായിരുന്നതു് ഏകദേശം 20 ലക്ഷം ടൺ കണ്ടു വർദ്ധിച്ചേയ്ക്കും. സമയം തെററി കനത്തമഴപെയ്യുകയും കൊടുങ്കാററുണ്ടാകുകയും ചെയ്തിട്ടുണ്ടെങ്കിലും റാബി ഗോതമ്പുവിളവും മുൻവർഷത്തേക്കാൾ വർദ്ധന കാണിക്കുമെന്നു പ്രതീക്ഷിക്കുന്നു.

പരുത്തി, ചണ എന്നിവയുടെ ഉല്പാദന സാദ്ധ്യതകൾ സാമാന്യം തൃപ്തികരമാണെന്നു കരുതപ്പെടുന്നു. നിലക്കടലയുടെ ഉല്പാദനം 1963-64-ൽ സ്ഥാപിക്കപ്പെട്ട റിക്കാർഡ് ഭേദിച്ചേയ്ക്കും. കരിമ്പുവിളവും പ്രസ്താവ്യമാംവിധം മെച്ചപ്പെടുമെന്നു പ്രതീക്ഷിക്കുന്നു.

1963-64-ൽ 830 ലക്ഷം ഏക്കർ സ്ഥലത്തു് മേത്തരം ഭക്ഷ്യധാന്യവിത്തുകൾ ഉപയോഗിക്കുകയുണ്ടായെന്ന് റിപ്പോർട്ട് പ്രസ്താവിക്കുന്നു. നൈട്രജൻ വളങ്ങളുടെ ഉപയോഗം അനുക്രമം വർദ്ധിച്ചിട്ടുണ്ട്.

കർഷകർക്ക് ഉല്പാദനവർദ്ധനവിന് ഉത്തേജനം നൽകാനും കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും സംഘടനാപരമായ ഏർപ്പാടുകൾ ശക്തിപ്പെടുത്താനും കൈക്കൊണ്ട നടപടികൾ വിവരിച്ചുകൊണ്ട്, പ്രൊഫസർ എം. എൽ. ദാന്ത് വാല അദ്ധ്യക്ഷനായി കാർഷികോല്പന്ന വിലക്കമ്മീഷൻ രൂപവൽക്കരിച്ചിട്ടുള്ളതും ഇതിൽ അനുസ്മരിക്കുന്നു.

കൃഷി, ജലസേചനം, മൃഗസംരക്ഷണം, സഹകരണം, സാമൂഹ്യവികസനം പഞ്ചായത്തുകൾ തുടങ്ങിയവയുടെ വികസന പരിപാടികൾ സംബന്ധിച്ച് എളുപ്പം തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയുന്നതിനുവേണ്ടി സംസ്ഥാനങ്ങളിൽ മന്ത്രി സഭാതലത്തിലും സെക്രട്ടറിയേററ് തലത്തിലും ഏകോപനസമിതികൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് റിപ്പോർട്ടു പറയുന്നു. കേന്ദ്രത്തിൽ കാർഷികോല്പാദനബോർഡ് നയപരമായ പ്രധാന പ്രശ്നങ്ങളിൽ നിരന്തരം ശ്രദ്ധചെലുത്തിപ്പോരുന്നു. കാർഷിക വികസനപരിപാടികൾ സംബന്ധിച്ച ഗവണ്മെണ്ടിനെ ഉപദേശിക്കാൻ കാർഷിക സാമ്പത്തിക വിദഗ്ദ്ധന്മാരുടേയും കാർഷിക ശാസ്ത്രജ്ഞന്മാരുടേയും കാർഷികഭരണ വിദഗ്ദ്ധന്മാരുടേയും പാനലുകൾ രൂപവൽക്കരിച്ചിട്ടുണ്ട്. 'സംസ്ഥാനങ്ങളുടെ കാർഷികപരിപാടികളുടെ അടങ്കൽ 1964-65-ൽ ഗണ്യമായി വർദ്ധിപ്പിക്കുകയുണ്ടായെന്ന് റിപ്പോർട്ട് പ്രസ്താവിക്കുന്നു. കൃഷിയും വ്യവസായവും തമ്മിലുള്ള ആശ്രിതത്വം പരിഗണിച്ച്, പൊതുമേഖലയിൽ കാർഷിക-വ്യാവസായിക കോർപ്പറേഷനുകൾ ഏർപ്പെടുത്താൻ സംസ്ഥാന ഗവണ്മെണ്ടുകളെ ഉപദേശിച്ചിട്ടുണ്ട്. പ്രാരംഭമായി മദിരാശി, ആന്ധ്രപ്രദേശ്, മഹാരാഷ്ട്രം, പഞ്ചാബ് എന്നിവിടങ്ങളിൽ കേന്ദ്ര പങ്കാളിത്തത്തോടെ ഇവ തുടങ്ങിയേക്കും.

കാർഷിക ഗവേഷണ പരിപാടികൾ റിപ്പോർട്ടുകാലത്തു് ഊർജ്ജിതപ്പെടുത്തുകയുണ്ടായി. ഗവേഷണപദ്ധതികളുടെ പരിഗണന എളുപ്പമാക്കാൻ കാർഷിക ഗവേഷണത്തിനും മൃഗസംരക്ഷണഗവേഷണത്തിനും പ്രത്യേകം ബോർഡുകൾ ഏർപ്പെടുത്തപ്പെട്ടു. കാർഷിക വിദ്യാഭ്യാസത്തിനും, കാർഷിക വികസനത്തിനും വിപണനത്തിനും ഓരോ ബോർഡുകൾ രൂപവൽക്കരിക്കുകയും ചെയ്തു.

രാജ്യമൊട്ടുക്കുള്ള 15 ജില്ലകളിലെ 51.89 ലക്ഷം ഏക്കർ ഭൂമി പാക്കേജ് പരിപാടിയുടെ പരിധിയിൽ ഉണ്ടെന്നു റിപ്പോർട്ട് പറയുന്നു. മിക്ക ജില്ലകളിലും വിളവ് സാരമായ വർദ്ധനവ് രേഖപ്പെടുത്തി. പരിപാടിയുടെ പ്രവർത്തനത്തിൽനിന്ന് ലഭിച്ചഅനുഭവജ്ഞാനം വെച്ചുകൊണ്ട് 'ഗോതമ്പ്', നെല്ല്, പയറുവർഗ്ഗങ്ങൾ തുടങ്ങിയവയുടെ ഉല്പാദനം വേഗത്തിൽ വർദ്ധിപ്പിക്കാൻ 1964-ലെ ഖരീഫ് വിളവുകാലത്തു് ഊർജ്ജിതപരിപാടികൾ ഏറെറടുക്കുകയുണ്ടായി.

പ്രധാനപ്പെട്ട നദീതടപദ്ധതികളുടെ വൃഷ്ടിപ്രദേശങ്ങളിൽ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള പദ്ധതികൾക്ക പുറമേ വിവിധ സംസ്ഥാനങ്ങളിൽ 200-ൽപരം മണ്ണുസംരക്ഷണപദ്ധതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഭൂപരിഷ്കരണനടപടികൾ നടപ്പാക്കുന്നതിലുള്ള പ്രയാസങ്ങൾ നീക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രി ആദ്ധ്യക്ഷനായുള്ള സമിതി വിവിധ സംസ്ഥാനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

കാർഷിക വിപുലീകരണ പ്രവർത്തനങ്ങൾ വികസിപ്പിച്ചു വരികയാണെന്ന് റിപ്പോർട്ടു പറയുന്നു. 1964 ജൂൺവരെ 63387 ഗ്രാമസേവകരെയും 7076 ഗ്രാമസേവികമാരേയും പരിശീലിപ്പിച്ചിട്ടുണ്ട്. കൂടാതെ 7840 ഗ്രാമസേവകരും 731 ഗ്രാമസേവികമാരും പരിശീലനം നേടിക്കൊണ്ടിരുന്നു. പ്രചരണ ലഘുലേഖകളുടെ ഏകദേശം 50 ലക്ഷം പ്രതികൾ വിതരണം ചെയ്യപ്പെട്ടു.

കൃഷിയുമായി ബന്ധപ്പെട്ട എല്ലാ പ്രധാന അന്താരാഷ്ട്രീയ സംഘടനകളുമായും ഇന്ത്യ അടുത്ത ബന്ധം പുലർത്തിപ്പോന്നു. ലോകഭക്ഷ്യ പരിപാടിയിൽ ഇന്ത്യാഗവണ്മെണ്ടു് സജീവമായിപങ്കെടുക്കുന്നുണ്ട്.

....

ശാസ്ത്രി കരഞ്ഞ രംഗം

അലഹബാദ്, ഏപ്രിൽ 18

പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി ഇന്നു് ശോകമൂകനായി കണ്ണീർ വാർത്ത ഒരു രംഗം ഉണ്ടായി.

അലഹബാദ് ഹൈക്കോടതി ബാർ അസോസിയേഷൻ ലൈബ്രറി ഹാളിൽ ഇന്നു് രാവിലെ ജവഹർലാൽ നെഹ്റുവിന്റെ ഒരു ചിത്രം അനാച്ഛാദനം ചെയ്യപ്പോഴാണ് മി. ശാസ്ത്രി കണ്ണീർ തൂകിയതു്.

നെഹ്റുവിന്റെ ചിത്രം അനാച്ഛാദനം ചെയ്തശേഷം ശാസ്ത്രി അല്പസമയം ആ ചിത്രത്തിൽത്തന്നെ നോക്കിനിന്നു. പിന്നീട് സംസാരിക്കാനായി മൈക്കിനു മുമ്പിലേയ്ക്കു് നീങ്ങിയപ്പോൾ ശാസ്ത്രി ഏതാനും മിനിട്ടുനേരത്തേയ്ക്കു് ദുഃഖം കൊണ്ടു് ഒന്നും സംസാരിക്കാൻ കഴിയാത്ത ഒരു അവസ്ഥയിൽ ആയിപ്പോയി. (പി. ടി)

ഏഷ്യൻ കപ്പൽ ഗതാഗത സമ്മേളനം

ന്യൂഡൽഹി ഏപ്രിൽ 19

ഏപ്രിൽ 21 മുതൽ 30 വരെ ടോക്കിയോവിൽ നടക്കുന്ന രണ്ടാമതു് ഏഷ്യൻ കപ്പൽ ഗതാഗത സമ്മേളനത്തിലേയ്ക്കുള്ള ഇന്ത്യൻ പ്രതിനിധി സംഘത്തെ കേന്ദ്ര ഗതാഗതവകുപ്പുസെക്രട്ടറി ഡോ: നാഗേന്ദ്രസിംഗ് നയിക്കുന്നതാണ്.

സംഘത്തിലെ മററംഗങ്ങളും ഉപദേഷ്ടാക്കളും ഇവരായിരിക്കും: ജപ്പാനിലെ ഇന്ത്യൻ സ്ഥാനപതി കാര്യാലയത്തിലെ ഒന്നാം സെക്രട്ടറി ശ്രീ ജെ. എൻ. ദീക്ഷിത്, സിന്ധ്യസ്റ്റീം നാവിഗേഷൻ കമ്പനിയുടെഡയറക്ടർ ശ്രീമതി സുമതി മൊറാർജി, സിന്ധ്യസ്റ്റീം ഷിപ്പ്സ് (ലണ്ടൻ) ലിമിററഡിന്റെ ചെയർമാൻ ശ്രീ. ആർ. ഇ. കുമാന, ഇന്ത്യയിലെ കപ്പൽ ജോലിക്കാരുടെ ദേശീയ യൂണിയന്റെ ജനറൽ സെക്രട്ടറി ശ്രീ. വികാസരഞ്ജൻ മജുംദാർ, ഇന്ത്യൻ നാഷണൽ പോർട്ട് ആൻറ് ഡോക്ക് വർക്കേഴ്സ് ഫെഡറേഷന്റെ ആദ്ധ്യക്ഷൻ ശ്രീ എച്ച്. എൻ. ത്രിവേദി.

ഏഷ്യൻ കപ്പൽ ജോലിക്കാരുടെ പരിശീലനം, കപ്പലിൽ ഏഷ്യൻ ജോലിക്കാരുടെ പ്രവൃത്തി സമയം എന്നിവയാണ് സമ്മേളനത്തിൽ ചർച്ചചെയ്യു വരുന്ന ചില വിഷയങ്ങൾ.

ഡോക്ടറെ വഞ്ചിച്ചയാൾ അറസ്റ്റിൽ

എറണാകുളം, ഏ 19

പാലാരിവട്ടത്തുള്ള ഡോ: കെ. സുധാകരനെ, വൈശാഖ് മെഡിക്കൽ കോളേജിലെ ഒരു സർജറി പ്രൊഫസറെന്നപേരിൽ കബളിപ്പിച്ച പാലക്കാട്ടുകാരനായ ഗോപാലകൃഷ്ണൻ എന്നൊരാളെ ടൗൺനോർത്ത് പോലീസ് ഇന്നു അറസ്റ്റ് ചെയ്തിരിക്കുന്നു.

തന്റെ കാർ കേടുവന്നിരിക്കുകയാൽ കളത്തുങ്കൽ മോട്ടോർ കോർപ്പറേഷനിൽ ഏല്പിച്ചിരിക്കുകയാണെന്നും, കാറിനു കേടുവന്നസമയം തനിക്ക് ചില പരിക്കുകളേററവെന്നും അതിന്നു ഒരു മോർഫിൻ ഇഞ്ചക്ഷൻ തരണമെന്നും ഇയാൾ ഡോ: സുധാകരനോടാവശ്യപ്പെട്ടു. രോഗി ഒരു ഡോക്ടറാണെന്ന നിലയിൽ ഡോ: സുധാകരൻ ഇഞ്ചക്ഷൻ കൊടുക്കുകയും ചെയ്തു. പിറേറ ദിവസവും ഇയാൾ ഇഞ്ചക്ഷനുവേണ്ടി ചെന്നുവെന്നും, അന്നും ഇഞ്ചക്ഷൻ കൊടുത്തുവെന്നും അതിന്റെ പിറേറദിവസവും ഇയാൾ ഇഞ്ചക്ഷനുവേണ്ടി ചെന്നപ്പോൾ ഡോ: സുധാകരന് സംശയംതോന്നുകയാൽ കളത്തുങ്കൽ മോട്ടോർ കോർപ്പറേഷനിലേക്ക് ഫോണിൽ വിളിച്ചു ചോദിച്ചുവെന്നും പറയപ്പെടുന്നു. അപ്പോഴേക്കും ഇയാൾ ഡോക്ടറുടെ പററിച്ചു് കുറച്ചു രൂപയും കൈവശപ്പെടുത്തിയിരുന്നു.

പാലക്കാട് ജില്ലയിലെ ഒരു കേഡിയാണത്രെ ഇയാൾ. ഏഴു പ്രാവശ്യം ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്. കാണാൻ സുമുഖനായ ഇയാളുടെ സംഭാഷണരീതിയും പെരുമാററവും എല്ലാം ഒരു ഡോക്ടർക്ക് അനുയോജ്യമായ രീതിയിലാണ്.

....

ട്രാൻ. കോർപ്പറേഷന്റെ പ്രതികാരനടപടികളിൽ പ്രതിഷേധം

തൃശ്ശൂർ ഏ. 20

സ്റ്റേറ്റ്ടിസ്ഥാനത്തിൽ ട്രാൻ: തൊഴിലാളികൾ നടത്തിയ സമരത്തിന്റെ പ്രതികാരനടപടിയെന്നവണ്ണം അസി. ട്രാൻ. ഇൻസ്പെക്ടർ എൻ. അപ്പുകുട്ടനെ അകാരണമായി കോഴിക്കോട്ടേക്ക് സ്ഥലം മാററം ചെയ്തതിൽ പ്രതിഷേധിക്കുവാൻ സംയുക്തസമരസമിതിയുടെ ആഭിമുഖ്യത്തിൽ ഒരു യോഗം കൂടുകയുണ്ടായി. ഒരു തൊഴിലാളി പ്രവർത്തകനായ അപ്പുകുട്ടനെ നോട്ടീസ് സമയംപോലും കൊടുക്കാതെ സ്ഥലമാററം ചെയ്തതു് ഉടനെ റദ്ദാക്കണമെന്നാവശ്യപ്പെടുന്നതും ട്രാൻ. കോർപ്പറേഷൻ അധികാരികളുടെ ഇത്തരം പ്രതികാരനടപടികളിൽ ഉൽക്കണ്ഠ രേഖപ്പെടുത്തുന്നതുമായ ഒരു പ്രമേയം ഐക്യകണ്ഠ്യേന പാസ്സാക്കി.

....

ഇരിങ്ങാലക്കുട ബ്ലോക്കിലെ പ്രവർത്തനങ്ങൾ

ഇരിഞ്ഞാലക്കട, ഏ. 20

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഇരിഞ്ഞാലക്കട വികസനബ്ലോക്കിൽ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി 2,03,536 രൂപ ചിലവഴിച്ചതായി ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസറുടെ റിപ്പോർട്ടിൽ പറയുന്നു. അതിൽ 1,61,164 രൂപായും കാർഷിക വികസനത്തിന്നുവേണ്ടിയാണ് വിനിയോഗിച്ചതു്. ഗതാഗതവികസനത്തിന്നും ജലസേചന പ്രവർത്തനങ്ങൾക്കുമായി 15,000രൂപാ ചിലവഴിക്കപ്പെട്ടു. മൃഗസംരക്ഷണം, സഹകരണം, സാമൂഹ്യ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾക്കായി ബാക്കി സംഖ്യ വിനിയോഗിച്ചു.

തളിക്കുളം ബ്ലോക്കിലെ പ്രവർത്തനങ്ങൾ

വാടാനപ്പിള്ളി, ഏ. 10

തളിക്കുളം വികസന ബ്ലോക്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1,43,936 രൂപാ ചിലവു ചെയ്തതായി ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസറുടെ റിപ്പോർട്ടിൽ പറയുന്നു. അതിൽ കൃഷി, മൃഗസംരക്ഷണം, സഹകരണം എന്നിവക്ക് 25,731 രൂപായും ആരോഗ്യ സൂചീകരണത്തിനു 31,584 രൂപായും, ഭവനനിർമ്മാണപ്രവർത്തനങ്ങൾക്ക് 24,593 രൂപായും, ജലസേചനത്തിന് 20,908 രൂപായും ചിലവാക്കപ്പെട്ടു. ഗ്രാമീണ കരകൗശലങ്ങൾക്കും, വ്യവസായങ്ങൾക്കും 17,045രൂപയും, ഹെഡ്ക്വാർട്ടേഴ്സ് പ്രവർത്തനങ്ങൾക്ക 16,731 രൂപയും ചിലവായി. ബാക്കി സംഖ്യ വിദ്യാഭ്യാസം, സാമൂഹ്യ വിദ്യാഭ്യാസം, ഗതാഗതം എന്നിവയ്ക്കുവേണ്ടി വിനിയോഗിച്ചു.

.....

സംസ്കൃത പഠനത്തിനു് സൗജന്യ ക്ലാസ്സ്

വേലൂർ, ഏ. 20

സംസ്കൃത പ്രചാരക സഭയുടെ ആഭിമുഖ്യത്തിൽ, ഒക്ടോബറിൽ നടത്തുന്ന പ്രത്യേക പരീക്ഷക്ക് സംസ്കൃതത്തിന് സൗജന്യ ക്ലാസ്സും, ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ ആഗസ്റ്റിലെ പരീക്ഷകൾക്ക് ഹിന്ദി ക്ലാസ്സുകളും ആരംഭിച്ചിരിക്കുന്നു.

....

ക്ലബ്ബ് വാർഷികങ്ങൾ

ചിയ്യാരം, ഏ. 19

ചിയ്യാരം പ്രസാദ് മെമ്മോറിയൽ ക്ലബ്ബിന്റെ 2-ാം വാർഷിക സമ്മേളനം എ. എസ്. ദിവാകരന്റെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. ടി. വി. വേലായുധൻ സമ്മേളനം ഉൽഘാടനം ചെയ്യുകയും, വി. എ. മാധവൻ പ്രസംഗിക്കുകയുംചെയ്തു. യോഗാനന്തരം "കുററവാളി" എന്ന സാമൂഹ്യ സംഗീതനാടകവും, മററ കലാപരിപാടികളും ഉണ്ടായിരുന്നു.

അടുത്ത കൊല്ലത്തെ ഭാരവാഹികളായി കെ. കെ. കുമാരൻ പ്രസിഡൻറും, ജി. എൻ. കരുണാകരൻ വൈ. പ്രസിഡൻറും, എം. കെ. വർഗ്ഗീസ് അഡ്വൈസറും, കെ. ഐ. ആൻറണി സിക്രട്ടറിയും, പി. കെ. സെൽവരാജ് ജോ: സിക്രട്ടറിയും, കെ. വി. ദേവസ്സി ട്രഷററുമായും 11 പേരടങ്ങുന്ന ഒരു കമ്മററിയെ തിരഞ്ഞെടുത്തിരിക്കുന്നു.

കണ്ടശ്ശാംകടവ്, ഏ. 19

രവീന്ദ്ര ആർട്ട്സ് ക്ലബ്ബിന്റെ വാർഷികാഘോഷം കണ്ടശ്ശാംകടവ് ഹൈസ്കൂൾ അങ്കണത്തിൽവെച്ച് നടത്തപ്പെട്ടിരിക്കുന്നു. തദവസരത്തിൽ ചേർന്ന പൊതുയോഗത്തിൽ കെ. എസ്. കെ. തളിക്കുളം അദ്ധ്യക്ഷതവഹിച്ചു. കെ. ഐ ചന്ദ്രശേഖരൻ പ്രസംഗിച്ചു ടി. ഡി. ആൻറണി സ്വാഗതവും തമ്പലിസ്റ്റ് ശേഖരൻ കൃതജ്ഞതയും രേഖപ്പെടുത്തി.

യോഗാനന്തരം മോണോ ആക്ട്, ഗാനമേള എന്നിവക്കുപുറമെ 'രോഗികൾ' എന്ന നാടകവും ക്ലബ്ബ് അംഗങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

—o—

ഇന്ത്യൻ വിദ്യാഭ്യാസ-സാംസ്കാരിക മാതൃകകൾ

അമേരിക്കൻ വിദ്യാഭ്യാസ പ്രവർത്തകരുടെ അഭിനന്ദനം

ന്യൂഡൽഹി, ഏപ്രിൽ 20

ഇന്ത്യയിലെ വിദ്യാഭ്യാസ - സാംസ്കാരിക സമ്പ്രദായങ്ങളെപ്പററി നേരിട്ടു പഠിക്കാൻ ആറാഴ്ച മുമ്പ് ഇവിടെയെത്തിയ 21 അമേരിക്കക്കാർക്കുണ്ടായ അനുഭവം "കണ്ണുതുറപ്പിക്കുന്ന" ഒന്നായിരുന്നു എന്നാണ് മടങ്ങിപ്പോകുന്ന അവസരത്തിൽ അവർ പ്രസ്താവിച്ചതു്.

അമേരിക്കൻ സർവ്വകലാശാലകളിലെ വിദേശവിദ്യാർത്ഥി ഉപദേഷ്ടാക്കൾ എന്ന നിലയിലുള്ള തങ്ങളുടെ ജോലിയിൽ ഈ അനുഭവപരിചയം അത്യന്തം പ്രയോജനകരമാകുമെന്നും അവർ പ്രതീക്ഷിക്കുന്നു.

ഹൈദ്രബാദിൽവെച്ച് രണ്ടാഴ്ചക്കാലത്തേയ്ക്കുണ്ടായിരുന്ന ഒരു കോൺഫറൻസോടുകൂടി ഇവരുടെ സന്ദർശനപരിപാടി സമാപിച്ചു. ഇത്തരമൊരു സന്ദർശനപരിപാടി ആദ്യമാണ്. വിദേശവിദ്യാർത്ഥികാര്യങ്ങൾക്കുള്ള ദേശീയസംഘടന (അമേരിക്കൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദേശ വിദ്യാർത്ഥികളുമൊന്നിച്ചു പ്രവർത്തിക്കുന്നവരുടെ തൊഴിൽപരമായ ഒരു സ്ഥാപനം)യും അമേരിക്കൻ ഗവണ്മെണ്ടും ഇന്ത്യയിലെ അമേരിക്കൻ വിദ്യാഭ്യാസ ഫൗണ്ടേഷനും കൂടിയാണ് ഈ സന്ദർശനത്തിന് ആഭിമുഖ്യം വഹിച്ചതു്.

അമേരിക്കൻ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദേശവിദ്യാർത്ഥികളുടെ എണ്ണം നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ അമേരിക്കൻ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിദേശവിദ്യാർത്ഥി ഉപദേഷ്ടാക്കളുടെ ആവശ്യം വളർന്നുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന്, അമേരിക്കയിലുള്ള 2000 സർവ്വകലാശാലകളിലും കോളേജുകളിലും സാങ്കേതിക വിദ്യാലയങ്ങളിലുമായി 152 രാജ്യങ്ങളിൽനിന്നുള്ള 75,000-ൽപരം വിദ്യാർത്ഥികൾ ഈ വർഷം പഠിക്കുന്നുണ്ട്. അമേരിക്കയിലെ വിദേശവിദ്യാർത്ഥികളിൽ ഒന്നാംസ്ഥാനം കാനഡാക്കാർക്കാണ്. രണ്ടാംസ്ഥാനം ഇന്ത്യയ്ക്കും. ഇന്ത്യൻ വിദ്യാർത്ഥികളുടെ സംഖ്യ 6500 ആണ്.

ഈ അമേരിക്കൻ സന്ദർശകസംഘം 10 ദിവസം ഡൽഹിയിൽ ചെലവഴിച്ചു. വിദ്യാഭ്യാസ നേതാക്കന്മാരും യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻ അംഗങ്ങളും വിദ്യാഭ്യാസമന്ത്രി എം. സി. ഛഗ്ലയുമായി അവർ കൂടിയാലോചനകൾ നടത്തുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളും സാമൂഹ്യവികസനപദ്ധതികളും സന്ദർശിക്കുകയും ചെയ്തു.

ഈ സന്ദർശനഫലമായി, കൂടുതൽ കാര്യക്ഷമതയുംകൂടുതൽധാരണയുമുള്ള ഒരു വിദേശവിദ്യാർത്ഥി ഉപദേഷ്ടാവായിരിക്കും താനെന്ന് ഈ സംഘത്തിലെ ഒരംഗമായ കാർസോൺ ടൂ പറഞ്ഞു. യൂട്ടാ സ്റ്റേററ് സർവ്വകലാശാലയിലെ വിദേശവിദ്യാർത്ഥി ഉപദേഷ്ടാവാണദ്ദേഹം. 'ഇന്ത്യ സന്ദർശിക്കുകയും വിദ്യാഭ്യാസരംഗത്തിലെയും ഭരണരംഗത്തിലെയും നേതാക്കന്മാരുമായി സംഭാഷണം നടത്തുകയും ഈ രാജ്യത്തിലെ മതപരമായ പരിമാണങ്ങൾ നിരീക്ഷിക്കുകയും ചെയ്തതു്. എനിക്ക് വിലതീരാത്ത ഒരു അനുഭവമായിരുന്നു'

ഇന്ത്യൻ സംസ്കാരത്തിലും വ്യക്തിത്വത്തിലും പല പുതിയ ഉൾക്കാഴ്ചകളും ഈ സന്ദർശനം തനിക്കു നൽകിയെന്ന്, ഹോവാർഡ് സർവ്വകലാശാല (വാഷിംഗ്ടൺ ഡി. സി.) യിലെ വിദേശവിദ്യാർത്ഥി സേവനവകുപ്പിന്റെ ഡയറക്ടർ ഏണസ്റ്റ് ജെ. വിൽസൺ പറഞ്ഞു.

സവിശേഷമായ ഒരു അനുഭവപരിചയം എന്നാണ് ഈ സന്ദർശനത്തെ ഷെരിഡൻ ഡബ്ലിയൂ. വാറിക്ക് വിവരിച്ചതു്. കാലിഫോർണിയാ സർവ്വകലാശാലയിലെ (ബെർക്ക്ലി) സാർവ്വദേശീയ കേന്ദ്രത്തിന്റെ ഡയറക്ടറാണദ്ദേഹം. "ഇത്ര ചുരുങ്ങിയ സമയംകൊണ്ടു് ഏററവും ഫലപ്രദമായ ഒരു പര്യടനം ഞങ്ങൾക്ക് സാദ്ധ്യമായി" എന്നും ഇന്ത്യാക്കാർ ഞങ്ങൾക്ക് വളരെയധികം സഹായസഹകരണങ്ങൾ നല്കിയെന്നും അദ്ദേഹം പറഞ്ഞു.

മദിരാശി സർവ്വകലാശാലയിലെ വിദ്യാർത്ഥി വാർത്താവിതരണകേന്ദ്രം ഉന്നത പരിശീലനത്തിന് വിദേശത്തേയ്ക്കുപോകുന്ന വിദ്യാർത്ഥികൾക്ക വളരെ സഹായകമാണ് എന്നു ഇല്ലിനോയി സർവ്വകലാശാലയിലെ വിദേശവിദ്യാർത്ഥിഉപദേഷ്ടാവിന്റെ അസിസ്റ്റൻറായ ഹോവാർഡ്ജെ. കാകെപലിൽ പറഞ്ഞു. 'ഇന്ത്യൻ കാര്യങ്ങളെപ്പററി മററവിധത്തിൽ ലഭിക്കുമായിരുന്നതിനേക്കാൾ മെച്ചപ്പെട്ട ഒരു ഉൾക്കാഴ്ച ഞങ്ങൾക്കുലഭിച്ചു' തങ്ങളുടെ വിലയിരുത്തലിൽ ഇന്ത്യക്കാർ ഏററവും സത്യസന്ധത പ്രകടിപ്പിച്ചു എന്നദ്ദേഹം തുടർന്നുപറഞ്ഞു.

അമേരിക്കയിൽനിന്നു മടങ്ങിവന്നവരിൽനിന്നും ഇന്ത്യയിലെ പൊതുജനാരോഗ്യാധികൃതരിൽനിന്നും ഈ രാജ്യത്തിന് ഏററവും പ്രയോജനകരമായതു് ഏതുതരം ഉന്നത വിദ്യാഭ്യാസമാണെന്നുള്ളതുസംബന്ധിച്ച് വിലയേറിയ വിവരങ്ങൾ സമ്പാദിക്കാൻ കഴിഞ്ഞു എന്ന് ഡോ. ഗെർഡാ ജെ. ലൂവിസ് പ്രസ്താവിച്ചു. ലോകാരോഗ്യ സംഘടനയോടു ബന്ധപ്പെട്ട അഖില അമേരിക്കൻ ആരോഗ്യസംഘടന (വാഷിംഗ്ടൺ ഡി. സി.) യുടെ പ്രതിനിധിയാണവർ.

....

ആക്ഷേപങ്ങളും ആവശ്യങ്ങളും

ബസ്സ് ഓടുന്നില്ല

ഇരിങ്ങാലക്കുടയിൽനിന്നും ഈ വഴിക്കുള്ള മോട്ടോർ സർവ്വീസുകാർ മിക്ക ദിവസങ്ങളിലും അവരുടെ നിശ്ചിത സമയങ്ങളിൽ ഓടിക്കാണാത്തതിൽ യാത്രക്കാർക്ക് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. വേണ്ടപ്പെട്ടവരുടെ ശ്രദ്ധ ഈ കാര്യത്തിൽ പതിഞ്ഞുകാണുവാൻ താല്പര്യപ്പെടുന്നു.

അവിട്ടത്തൂർ ഒരു യാത്രക്കാരൻ.

മതിലകത്തുനിന്നു് പാപ്പൂക്കാവഴി മൂപ്പിയത്തേയ്ക്കു് ഓടിക്കൊണ്ടിരുന്ന "റോയൽ ട്രാൻസ്പോർട്ട്" കുറെ ദിവസങ്ങളായി ഓടികാണുന്നില്ല. യാത്രക്കാർക്ക് ഇതുമൂലം വളരെ അധികം ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു. അധികൃതർ ശ്രദ്ധിച്ച് യാത്രക്കാരുടെ ക്ലേശം പരിഹരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

പറപ്പൂക്കര സ്വന്തം ലേഖകൻ.

നല്ലെങ്കരയിലെ റൗഡിവിളയാട്ടം

കല്ലൂക്കര വില്ലേജിലെ നല്ലെങ്കര പ്രദേശത്തു് ശീട്ടുകളിക്കാരുടേയും മദ്യപാനികളുടേയും ശല്യം സഹിക്കാനാവാത്തവിധമായിരിക്കുന്നു. സ്ത്രീജനങ്ങൾക്ക് ഒററക്ക് സഞ്ചരിക്കാൻ വയ്യാത്ത സ്ഥിതിവിശേഷമാണ് ഇവിടെയുള്ളതു്. പോലീസ് അധികൃതരുടെ ശ്രദ്ധയില്ലായ്മയാണിതിന് വളംവെച്ചുകൊടുക്കുന്നതു്. അധികാരപ്പെട്ടവർ ശ്രദ്ധിക്കുമെന്ന് വിശ്വസിക്കുന്നു.

നല്ലെങ്കര ഒരു അനുഭവസ്ഥൻ.

ഒഴിവുകാലത്തെ അദ്ധ്യാപകശമ്പളം

സർക്കാരിന്റെ പുതിയ അദ്ധ്യാപകവിരുദ്ധ നടപടി സ്ഥിരം തസ്തികയിൽ നിയമിക്കപ്പെട്ടവരും 8 മാസത്തെ സർവ്വീസുള്ളവരുമായ എല്ലാ ഫുൾ ടൈം അദ്ധ്യാപകർക്കും ഇതുവരെ മദ്ധ്യവേനൽ ഒഴിവുകാലത്തെ ശമ്പളം കിട്ടിയിരുന്നു. കെ. ഇ. ആറിലെ 49-ാംറൂൾ അനുസരിച്ചാണ് ഈ ആനുകൂല്യം ലഭിച്ചിരുന്നതു്. എന്നാൽ ഇപ്പോൾ പ്രസ്തുത റൂൾ റദ്ദാക്കികൊണ്ടും ട്രെയിനിങ്ങ് കഴിയ്ക്കാത്ത എല്ലാ അദ്ധ്യാപകർക്കും ആനുകൂല്യം നിഷേധിച്ചുകൊണ്ടും വിദ്യാഭ്യാസ സെക്രട്ടറി സർക്കുലർ പുറപ്പെടുവിച്ചിരിയ്ക്കുന്നു. ഇന്നേവരെ അദ്ധ്യാപകർക്ക ലഭിച്ചിരുന്ന ആനുകൂല്യം റദ്ദാക്കുവാനുള്ള സാഹചര്യം ഇപ്പോൾ കേരളത്തിൽ പ്രസിഡണ്ട് ഭരണമാണെന്നുള്ളതുമാത്രമാണ്. പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകർക്ക് അനുവദിച്ച ഇടക്കാലാശ്വാസവും ട്രെയിനിങ്ങ് കഴിയ്ക്കാത്തവർക്ക് അനുവദിയ്ക്കുകയുണ്ടായില്ല. ആ നടപടിയ്ക്കെതിരായി ശക്തിയായ പ്രതിഷേധം ഉയരാത്തതുകൊണ്ടായിരിയ്ക്കണം അനേകകാലങ്ങളായി അനുവദിച്ചുപോന്നിരുന്ന ഒരവകാശം സർക്കാർ ഇപ്പോൾ റദ്ദാക്കിയിരിക്കുന്നതു്. തുല്യത അനുവദിച്ചു എന്ന പേരിൽ വർഷങ്ങളായി അദ്ധ്യാപകർക്കുണ്ടായിരുന്ന അവകാശങ്ങൾ ഓരോന്നായി നിഷേധിച്ചുകൊണ്ടിരിയ്ക്കുന്നതു് ഇവിടെ പ്രസിഡണ്ടുഭരണമല്ല, പട്ടാളഭരണമായാലും അദ്ധ്യാപകർ ചെറുക്കേണ്ടതാണ്. വിദ്യാഭ്യാസ സെക്രട്ടറി തെററുതിരുത്തുമെന്ന് വിശ്വസിക്കുന്നു.

കരുവന്നൂർ ഒരദ്ധ്യാപകൻ.

ഗോവയെക്കുറിച്ചുള്ള അവകാശവാദം

ബോംബെ ഏപ്രിൽ 19

ഒരു നല്ല പ്രകൃതിദത്തമായ തുറമുഖത്തോടുകൂടിയഗോവാ മഹാരാഷ്ട്രയിൽ ലയിച്ചുകാണാൻ എല്ലാവർക്കും ആകാംക്ഷയുണ്ട്. സംസ്ഥാന അസംബ്ലി ഇതിനനുകൂലമായ ഒരു തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിലിരിക്കുന്ന അനിശ്ചിതത്വം ഇല്ലായ്മ ചെയ്യുന്നതും ഗോവയിലെ രാഷ്ട്രീയവും ഭരണപരവുമായ രംഗത്തെ ബലഹീനതകൾ ഒഴിവാക്കുന്നതും ഇതത്യന്താപേക്ഷിതമാണെന്നാണ് ജനങ്ങൾ കരുതുന്നതു്. മൈസൂറിന്റെ അവകാശവാദം ഈ പ്രശ്നത്തെ കുറെയേറെ സങ്കീർണ്ണമാക്കിയിട്ടുണ്ടെന്നുള്ളതു മാണ്. ഇത്തരം അവകാശവാദങ്ങൾ വളർന്ന് ദേശീയ പ്രശ്നങ്ങളായി തീരുംമുമ്പെ യുക്തമായ തീരുമാനങ്ങൾ എടുക്കുകയെന്നതായിരിക്കും അധികാരികളെ സംബന്ധിച്ചിടത്തോളം ബുദ്ധിപൂർവ്വമായ നടപടി.

പത്തു കൊല്ലത്തേക്ക് ഈ നിലയിൽ തുടർന്ന ശേഷം ഗോവയിലെ ജനങ്ങളുടെ ഇംഗിതമനുസരിച്ചുള്ള ഒരു തീരുമാനമെടുക്കുകയെന്ന നയം പ്രഥമദൃഷ്ട്യാ ആദരണീയമെന്നു തോന്നാമെങ്കിലും ആ വാദഗതിക്ക് ഇന്നു വലിയ പ്രാബല്യമില്ലാതെയായെന്ന് കരുതപ്പെടുന്നതു്. മൈസൂറിൽ നിന്നും മഹാരാഷ്ട്രയിൽനിന്നും ശക്തിയായ സമ്മർദ്ദം ലയനം സംബന്ധിച്ചുണ്ടെങ്കിലും, മഹാരാഷ്ട്രയുടെ അവകാശവാദത്തിന് കൂടുതൽ പ്രാബല്യം ലഭിക്കുന്നെന്നുള്ളതാണ് രാഷ്ട്രീയ നിരീക്ഷകരുടെ നിഗമനം.

(യു. പി. എസ്.)

സ്വന്തം നയങ്ങൾ നടപ്പിൽ വരുത്തും

അതിനു കഴിഞ്ഞില്ലെങ്കിൽ ഉദ്യോഗമൊഴിയുമെന്ന് പ്രധാനമന്ത്രി

(പി. ടി. ഐ.) ന്യൂഡൽഹി, ഏ. 20

സ്വന്തം നയങ്ങൾ നടപ്പിൽ വരുത്തുന്നതിനു ജനങ്ങളുടെ സഹകരണം വേണമെന്നും അതാണ് തന്റെ യഥാർത്ഥ ശക്തിയെന്നും പ്രധാനമന്ത്രി ലാൽബഹദൂർശാസ്ത്രി ഇവിടെ പ്രസ്താവിച്ചു

ചിത്രകലാസംഘം സംഘടിപ്പിച്ച ഒരു ചടങ്ങിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു.

തന്റെ നയങ്ങൾ നടപ്പിൽ വരുത്തുവാൻ വിഷമമാണെന്നു കാണുന്ന നിമിഷത്തിൽ താൻ ഉദ്യോഗമൊഴിയുമെന്നും അദ്ദേഹം പറഞ്ഞു. ഈ നയങ്ങൾ രാഷ്ട്രത്തെ എതുത്തോളം ഗുണപ്പെടുത്തുമെന്നു തനിക്കറിഞ്ഞുകൂടാ. പക്ഷെ അതേയവസരത്തിൽ താൻ വിശ്വസിക്കുന്ന കാര്യങ്ങളിൽനിന്നു നീങ്ങിനില്ക്കുവാൻ തനിക്കു വിഷമമാണെന്നു ശാസ്ത്രി വ്യക്തമാക്കി. ഗാന്ധിജിയും നെഹറുവും വെട്ടിത്തെളിച്ച സമാധാനത്തിന്റെയും സൌഹാർദ്ദത്തിന്റെയും വഴിത്താരയിൽക്കൂടിയാണ് രാഷ്ട്രം നീങ്ങുന്നത്. ആ മുന്നേറ്റത്തിൽ ശക്തിയുടേയോ അല്ലെങ്കിൽ ഉറച്ച നിലപാടിന്റേയോ അഭാവമില്ല. ഇന്ത്യ ലോകത്തിന്റെ മുമ്പിൽ ഒരു മാതൃക കാണിച്ചിട്ടുണ്ട്. ലോകസമാധാനത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി ആ നിലപാടിൽ ഉറച്ചുനില്ക്കുവാനാണ് ഇന്ത്യ കരുതുന്നതെന്ന് ശാസ്ത്രി ചൂണ്ടിക്കാട്ടി.

പ്രധാനമന്ത്രിയുടെ ജീവിതകഥയെ ആസ്പദമാക്കി നൂറോളം ചിത്രങ്ങളടങ്ങിയ ഒരു ഗ്രന്ഥം കലാസംഘം പ്രധാനമന്ത്രിക്ക് സമ്മാനിക്കുകയുണ്ടായി. നെഹറുവിന്റെയും ശാസ്ത്രിയുടേയും പൂർണ്ണകായചിത്രങ്ങളും വൈസ്പ്രസിഡണ്ട് ഡോക്ടർ സക്കീർ ഹുസ്സയിൻ സംഘത്തിനുവേണ്ടി പ്രധാനമന്ത്രിക്ക് സമ്മാനിച്ചു.

....

ഉപഭോക്തൃ വിലസൂചിക

ന്യൂഡൽഹി, ഏ. 20

തൊഴിലാളിവർഗ്ഗത്തിന്റെ ഉപഭോക്തൃ വിലസൂചിക ഫെബ്രുവരിയിൽ മുൻശതമാനം താഴ്ന്ന് 162 ആയെന്ന് ലേബർ ബ്യൂറോ കണക്കാക്കിയിരിക്കുന്നു.

....

വിഷമേറ്റ് മരിച്ചു

സ്വ ലേ കണ്ണൂർ, ഏ. 19

കല്യാശ്ശേരി സ്വദേശിയായ ഭാസ്കരൻ എന്ന 14 കാരനായ ഒരു വിദ്യാർത്ഥി പാമ്പുകടിയേറ്റ് ഇന്നലെ മരണപ്പെട്ടിരിക്കുന്നു. ഇളയമ്മയുടെ വീട്ടിലുള്ള കോണിപ്പടിക്കൽവെച്ചാണ് സംഭവം നടന്നത്.

കൂട്ടിക്കുവേണ്ടി ഹൈക്കോടതി രാത്രി കൂടി

[പി ടി ഐ] പാറ്റ്ന, ഏ. 20

പാറ്റ്ന സർവ്വകലാശാലയുടെ ബി. ഏ. പാർട്ട് വൺ പരീക്ഷക്ക് ഇരിക്കുവാൻ സർവ്വകലാശാലാ അധികൃതരാൽ അനുവദിക്കപ്പെട്ട കെ. എസ്. രാമൻ എന്ന് പേരായ ഒരു കുട്ടി നേരെ പാറ്റ്ന ഹൈക്കോടതി ചീഫ് ജസ്റ്റീസിനെ നീതിക്കുവേണ്ടി സമീപിക്കുകയും അതു നേടുകയും ചെയ്തു.

രാമന്റെ പരാതികേട്ടതിനു ശേഷം ചീഫ് ജസ്റ്റീസ് ഈ കാര്യം ഒരു ഡിവിഷൻ ബെഞ്ചിനെ ഏല്പിച്ചു. പരീക്ഷ ഇന്നായതുകൊണ്ട് ഇന്നലെരാത്രിതന്നെ ബെഞ്ചു കൂടി ഈ കേസ്സ് കൈകാര്യംചെയ്തു. കുട്ടിയെ പരീക്ഷക്ക് ഇരുത്തണമെന്നും കോടതി സർവ്വകലാശാലാ അധികൃതർക്ക് നിർദ്ദേശം നല്കി. കുട്ടി ഇന്ന് പരീക്ഷയും എഴുതുകയും ചെയ്തു.

.....

വയറ്റിൽ വേദനമൂലം ആത്മഹത്യ

സ്വ ലേ കണ്ണൂർ, ഏ. 19

പാക്കൻ കണ്ണൻ എന്ന അമ്പതുവയസ്സുകാരനായ പാപ്പിനിശ്ശേരി സ്വദേശിയായ കർഷകൻ വയറ്റിൽവേദന സഹിക്കവയ്യാത്തതിനെതുടർന്ന് കെട്ടിത്തൂങ്ങി മരിച്ചിരിക്കുന്നു. വളപട്ടണംപോലീസ് ശവം ഇൻക്വസ്റ്റ് നടത്തി.

—

ആശുപത്രി റോഡ് ടാറിടണം

[സ്വ ലേ] മാള, ഏ. 20

മാള പഞ്ചായത്തു മെമ്പർമാരുടെ ഒരു യോഗം പ്രസിഡണ്ട് എ. എം. അലിയുടെ അദ്ധ്യക്ഷതയിൽ കൂടി മാള ആശുപത്രി റോഡ് ടാറിടുവാൻ അടിയന്തിര നടപടി സ്വീകരിയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം പാസ്സാക്കിയിരിക്കുന്നു. പഞ്ചായത്തുത്തിയിൽപെട്ട വായനശാലകൾക്ക് ഗ്രാന്റ് നൽകുവാനും തീരുമാനിച്ചു.

.....

ഒരു പുതിയ സംഘടനകൂടി

ന്യൂഡൽഹി, ഏ. 20

യൂണിസെഫുമായി സഹകരിച്ച് ഇന്ത്യാഗവർമെണ്ട് ഒരു കേന്ദ്ര ആരോഗ്യഗതാഗത സംഘടന ഏർപ്പെടുത്തുന്നതാണ്. ആരോഗ്യവകുപ്പിനായിരിക്കും ഇതിന്റെ നിയന്ത്രണം.

ആരോഗ്യപരിപാടികളിലെ വാഹനങ്ങളും സംരക്ഷിക്കുകയും നിയന്ത്രിക്കുകയും അവ കൈകാര്യംചെയ്യുന്നവർക്ക് പരിശീലനംനൽകുകയുംപതിയ സംഘടനയുടെ മുമതലയായിരിക്കും.

.....

ചിലിയുടെ സ്ഥാനപതി

ന്യൂഡൽഹി ഏപ്രിൽ 19

ഇന്നു രാവിലെ രാഷ്ട്രപതി ഭവനിൽവെച്ച് ഇന്ത്യയിൽ ചിലിയുടെ നിയുക്തസ്ഥാനപതിയായ മി. ജൂലിയോ ബാൺച്ചിയപിനോ തന്റെ സാക്ഷ്യപത്രങ്ങൾ ഉപരാഷ്ട്രപതി ഡോ: സക്കീർ ഹുസൈന് സമർപ്പിച്ചു.

നിയുക്തസ്ഥാനപതിയെ സ്വാഗതം ചെയ്തുകൊണ്ട് ഇന്ത്യയും ചിലിയും ഭൂമിശാസ്ത്രപരമായി വളരെ വേർതിരിഞ്ഞു കിടക്കുന്നതെങ്കിലും ഇരുരാജ്യങ്ങളും പരസ്പരം അടുത്ത സൌഹൃബന്ധങ്ങൾ പുലർത്തി വരുന്നുണ്ടെന്നും ഡോ: ഹുസൈൻ പ്രസ്താവിച്ചു ചിലിയിൽ ഇയ്യിടെ ഉണ്ടായ ഭൂകമ്പത്തിൽ ഉപരാഷ്ട്രപതി ഇന്ത്യയുടെ സഹതാപം പ്രകടിപ്പിക്കുകയുണ്ടായി.

സാക്ഷ്യപത്രങ്ങൾ സമർപ്പിച്ചുകൊണ്ട്, ചിലിയിലെ അസംഖ്യം ജനങ്ങൾ ഇന്ത്യയുടെ തത്വശാസ്ത്രവും സാഹിത്യവും ജീവിതരീതിയും പഠിച്ചവരുന്നുണ്ടെന്ന് മി. പിനോ പ്രസ്താവിച്ചു. രവീന്ദ്രനാഥ ടാഗോർ, മഹാത്മഗാന്ധി, ജവഹർലാൽ നെഹ്റു എന്നീ ത്രിമൂർത്തികളോട് ചിലിയിലെ ജനങ്ങൾക്ക് വലിയ ബഹുമാനമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

നിയുക്ത സ്ഥാനപതിയെ രാഷ്ട്രപതി ഭവനിൽ സൌത്ത് കോർട്ടിൽവെച്ച് രാഷ്ട്രപതിയുടെ രസനിക സെക്രട്ടറി മേജർ-ജനറൽ സി. ജി. ആർ. രാജ് വാറനെ സ്വീകരിച്ചു. വിദേശകാര്യ സെക്രട്ടറി ഡി. സി. എസ്. ധ്യായാണ് അദ്ദേഹത്തെ ഉപരാഷ്ട്രപതിക്ക പരിചയപ്പെടുത്തിക്കൊടുത്തത്.

—o—

നന്ദയുടെ കലികോപം

അവശ ശംഖനപ്രമേയം ഇന്ന് ചർച്ചചെയ്യുന്നു

(സ്വ ലേ) ന്യൂഡെൽഹി, ഏപ്രിൽ 20

പബ്ലിക് അക്കൌണ്ട്സ് കമ്മറ്റി അതിന്റെ റിപ്പോർട്ടിൽ ഭരത്സേവക് സമാജിന്റെ കള്ളക്കണക്കും അഴിമതികളുമെല്ലാം വെളിച്ചത്തുകൊണ്ടുവന്നതിനെ തുടർന്ന് റിപ്പോർട്ടു തയ്യാറാക്കിയ ഉദ്യോഗസ്ഥന്മാരുടെനേരെ ബി. എസ്. എസ്. നേതാക്കളും പ്രതികാരബുദ്ധ്യാ വീശാൻ തുടങ്ങിയിരിക്കുന്നതായി അറിയുന്നു.

ബി. എസ്. എസ്സിന്റെ ചെയർമാനായ കേന്ദ്ര ആഭ്യന്തരമന്ത്രി നന്ദ ലോകസഭാഹോളിൽവച്ച് പബ്ലിക് അക്കൌണ്ട്സ് കമ്മറ്റി ചെയർമാനായ ആർ. ആർ. മൊറാർക്കയോട് കയർത്തു സംസാരിച്ചതായി ഇന്നലെ കൂപലാനി ലോകസഭയിൽ പ്രസ്താവിച്ചു. മെമ്പർമാരെ ഞെട്ടിപ്പിക്കുകതന്നെ ചെയ്തു. 'മൂൻവിധിയോടുകൂടിയ ഒരന്വേഷണമാണ് നിങ്ങൾ നടത്തിയതു്. നിങ്ങൾ കോൺഗ്രസ്സിനെതിരായി പ്രവർത്തിക്കുന്നു' എന്നു് നന്ദ തട്ടിക്കയറിയത്രെ. പല മെമ്പർമാരുടേയും സാന്നിദ്ധ്യത്തിൽ വച്ചാണ് ഇതു് സംഭവിച്ചതെന്നു കൂപലാനി പറഞ്ഞു. ഇതിനുപുറമെ, റിപ്പോർട്ടു് പുറത്താക്കുന്നതിനുമുമ്പു് അതു് അല്പം മയപ്പെടുത്തിക്കിട്ടാൻവേണ്ടി ചില വേലയിറക്കലുകളെല്ലാം നടത്തിയെന്നും ചില പ്രമുഖന്മാരെയൊക്കെ സമീപിക്കുകയുണ്ടായെന്നും കൂപലാനി വെളിപ്പെടുത്തി. രാജ്യത്തെ അഴിമതിയും കൈക്കുലിയും തുടച്ചുനീക്കുമെന്നു് ഉഗ്രപ്രതിജ്ഞയെടുത്തിട്ടുള്ള ഈ ധർമ്മഭടന്റെ പെരുമാറ്റത്തെപ്പറ്റി ഒരന്വേഷണം നടത്തണമെന്നു് കൂപലാനി ആവശ്യപ്പെട്ടു.

ലോബിയിൽവെച്ച നടന്ന സംഭാഷണം അവകാശലംഘനമാകുമോയെന്നു് മിസ്സിസ് സുഭദ്രാജോഷി, ശ്യാമലാൽ സരഫ് എന്നീ കോൺഗ്രസ്സ് അംഗങ്ങൾ ചോദിച്ചു.

ലോബി സഭയുടെ ഒരു ഭാഗമാണെന്നു ശരിയാണെന്നും പക്ഷേ അവിടെ നടന്നസംഭാഷണത്തിൽ അവകാശലംഘനത്തിന്റെ പ്രശ്നമില്ലെന്നും സ്പീക്കർ മറുപടി നൽകി.

സഭ നിയമിച്ച ഒരു കമ്മറ്റിയുടെ ചെയർമാന്റെ നേരേ കയർക്കയറാൻ ഉത്തരവാദിത്വപ്പെട്ട മന്ത്രിമാർ ഇറങ്ങിപ്പുറപ്പെട്ടാൽ 'ഈ സഭയെ പിന്നെന്തിനു കൊള്ളാം' എന്നു് കൂപലാനി ഇടയ്ക്കുകയറിപറഞ്ഞു.

ഈ വാഗ്വിവാദം നടക്കുമ്പോൾ നന്ദയും മൊറാർക്കയും ഹാജരുണ്ടായിരുന്നു. പക്ഷേ രണ്ടുപേരും മൌനം ഭജിച്ചിരുന്നതേയുള്ളൂ. ഇവരുടെ അത്ഥഗർഭമായ മൌനം പ്രൊഫ. ഹീരൻമുക്കർജി സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. "ആചാര്യയേപ്പോലെ സീനിയറും ബഹുമാന്യനുമായ ഒരംഗം നന്ദയെപ്പറ്റി വ്യക്തമായ ഒരു പ്രസ്താവന ചെയ്യുക; രണ്ടു മാന്യന്മാരും സഭയിലുണ്ടായിരിക്കുകയായിരുന്നുവെന്നും പറയപ്പെടുന്നു. എന്നാകട്ടെ=തൃശ്ശൂർ ടിക്കറ്റ് ഇയാളുടെ കൈവശമുണ്ടായിരുന്നു. ഇതു് ഒരു ആത്മഹത്യയാണെന്നു് സംശയിക്കപ്പെടുന്നുണ്ടു്. പോലീസ് അന്വേഷണം നടത്തിവരുന്നു.

—

തലസ്ഥാനംമാറ്റാൻ

(സ്വ ലേ) ഏ 20

കേരളത്തിൽ ഇന്നത്തെ തലസ്ഥാനം മാറ്റി മദ്ധ്യകേരളത്തിൽ എവിടെയെങ്കിലും സ്ഥാപിക്കണമെന്ന ആവശ്യംഗവർമ്മേണ്ടിനെറമുമ്പിൽവെക്കവാനും തുടർന്നുവരുന്ന കാര്യങ്ങളെപ്പറ്റി ആലോചിക്കാനുമായി ഏപ്രിൽ 22-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6-30 നു് കോഴിക്കോട് ടൌൺഹാളിൽവെച്ച് ഒരു യോഗം കൂടുന്നതാണെന്ന് ആർ. സത്യനാരായണൻ കല്ലർ ഇറക്കിയിട്ടുള്ള ഒരു പ്രസ്താവനയിൽ പറയുന്നു.

സംശയിച്ചുറപ്പ്

തളിപ്പറമ്പ്, ഏ. 20

വയനാൽപൊയിൽ അച്ചുതൻ (പറ്റർ) എന്നയാളെ സംശയകരമായ തോതിൽ കണ്ടെത്തിനെത്തുടർന്ന് ബസ്സ്റ്റാന്റിൽവച്ച് തളിപ്പറമ്പു പോലീസ് അറസ്റ്റുചെയ്തു് റിമാണ്ടിലാക്കിയിരിക്കുന്നു. പുള്ളി ബസ്സിൽവച്ച് പോക്കറ്റടി നടത്തിയതായും സംശയിക്കുന്നുണ്ട്.

—

മദ്യപാനിയെ അറസ്റ്റ് ചെയ്തു

(സ്വ. ലേ.) തളിപ്പറമ്പ് ഏ. 19

പന്നിയൂരംശം, പുരുഷോത്തമവെച്ച് മൊട്ടേരി അച്ചുതൻനായർ എന്നയാളെ മദ്യപിച്ചനിലയിൽ കണ്ടതിനാലണ്ടതു തളിപ്പറമ്പ് പോലീസ് അറസ്റ്റ് ചെയ്ത കേസ്സാക്കിയിരിക്കുന്നു.

സാറോയുടെ പ്രത്യേക ദൂതൻ ചൌ-എൻ-ലായിയെ കണ്ടു

ജപ്പാൻ-ചൈന നയതന്ത്രബന്ധത്തെപ്പറ്റി സംഭാഷണം ?

(റോയിട്ടർ) ജക്കാർത്ത, ഏപ്രിൽ 20

ജപ്പാനീസ് പ്രധാനമന്ത്രി ഇസാക്ക സാറോയുടെ ഒരു പ്രത്യേക ദൂതൻ ഇന്നലെ ഇവിടെവെച്ച് ചൈനീസ് പ്രധാനമന്ത്രി ചൌ-എൻ-ലായിയെ കണ്ട് സംഭാഷണം നടത്തി.

പ്രസിഡണ്ട് സുക്കാർണ്ണോ നടത്തിയ ഒരു കൊട്ടാരലഞ്ച് സല്ക്കാരത്തിനുശേഷം ജാപ്പാനീസ് ദൂതൻ സോണികിറോ കവാഷിമയും, ചൌവും തമ്മിൽ 7 മിനിട്ട് നേരം സംഭാഷണം നടന്നു.

ചൌ തുറന്ന് സംസാരിക്കുന്ന പ്രകൃതക്കാരനാണെന്ന് കവാഷിമ പിന്നീട് പത്രക്കാരോട് പറഞ്ഞു. പക്ഷെ ഇരു രാഷ്ട്രങ്ങളും തമ്മിൽ ഭാവിയിൽ നയനൂതനബന്ധങ്ങൾ സ്ഥാപിക്കപ്പെടുമോയെന്നതിനെപ്പറ്റിയോ, കൊറിയൻ പ്രശ്നത്തിനെപ്പറ്റിയോ പ്രവചിക്കുവാൻ സാദ്ധ്യമല്ലെന്ന് അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ 20 കൊല്ലത്തിനുള്ളിൽ ചൈനയും, ജപ്പാനും തമ്മിൽ നടക്കുന്ന ആദ്യത്തെ നയതന്ത്ര സമ്മേളനമാണിതു്.

—

ബില്ലുകൾക്ക് അംഗീകാരം

ന്യൂഡെൽഹി, ഏ. 20

പോണ്ടിച്ചേരി ഔദ്യോഗിക ഭാഷാബിൽ ക്രിമിനൽ നടപടി (പോണ്ടിച്ചേരി ഭേദഗതി) ബിൽ എന്നിവയ്ക്ക് രാഷ്ട്രപതി അംഗീകാരം നൽകിയിരിക്കുന്നു.

ആദ്യത്തെ ബില്ലനുസരിച്ച് പോണ്ടിച്ചേരിയുടെ ഔദ്യോഗിക ഭാഷ തമിഴായിരിക്കും. എങ്കിലും മാഹിയിൽ മലയാളവും യാനാം തെലുങ്കും ഉപയോഗിക്കാൻ വ്യവസ്ഥയുണ്ട്. ഔദ്യോഗികാവശ്യങ്ങൾക്ക് ഇംഗ്ലീഷും തുടർന്നുപയോഗിക്കാൻ ബിൽ വ്യവസ്ഥചെയ്യുന്നു.

പോണ്ടിച്ചേരിയിലെ മന്ത്രിമാരുടെ മാനസഷ്കേസ്സുകളും, മന്ത്രിസഭയുടെ സെക്രട്ടറി അധികാരപ്പെടുത്തുകയാണെങ്കിൽ സെഷൻസ് കോർട്ടുകൾക്ക് ഫയൽ ചെയ്യാമെന്ന് രണ്ടാമത്തെ ബിൽ വ്യവസ്ഥചെയ്യുന്നു.

....

തൃശ്ശൂർ വാർത്തകൾ

[സ്വ. ലേ.] ഏപ്രിൽ 20

ചിത്രകാരന്മാരുടെ കുംഭ്

കേരള ചിത്രകലാ പരിഷത്തു് തൃശ്ശൂർ ശാഖയുടെ ആഭിമുഖ്യത്തിൽ ചിത്രകാരന്മാരുടെ ഒരു സമ്മേർക്യാമ്പ് തൃശ്ശൂർ സി. എം. എസ്സ്. ഹൈസ്കൂളിൽവച്ചു് ഏപ്രിൽ 24 മുതൽ 28വരെയുള്ള അഞ്ചുദിവസങ്ങളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ക്യാമ്പു ദിവസവും സ്കെച്ചിംങ്ങ് പെയിന്റിങ്ങ്, ക്ലാസ്സ് ഡിസ്കഷൻ പെയിന്റിങ്ങ്, ചർച്ചാ ക്ലാസ്സുകൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്. ക്യാമ്പിന്റെ ഉൽഘാടനം ഏപ്രിൽ 24-നു രാവിലെ 10 മണിക്ക് പ്രസിദ്ധ കലാനിരൂപകനായ ശ്രീ. കെ.പി. പത്മനാഭൻനമ്പ്യാരുടെ അവർകൾ നിർവ്വഹിക്കുന്നതാണ്. കൂടാതെ ഇ. എം. ജെ. വെണ്ണിയൂർ എം. വി. ദേവൻ, പി. ടി. ഭാസ്കരപണിക്കർ, എ. പത്മനാഭൻ തുടങ്ങിയ പ്രഗത്ഭരായ ചിത്രകാരന്മാരും, ചിത്രകലാനിരൂപകരും ക്ലാസ്സിൽ പങ്കെടുക്കുന്നതാണ്.

ആസ്പത്രിയിൽ

മുക്കാട്ടുകരയിൽനിന്നും കിണറ്റിൽ വീണ പരിക്കേറ്റ നിലയിൽ ഇലവത്തിക്കൽ അന്തോണി ജോർജ്ജ് എന്ന കുട്ടിയേയും മരത്തിൽനിന്ന് വീണ് പരിക്കേറ്റ് കല്ലിൽനിന്നും ലൂവീസ് എന്ന കുട്ടിയേയും സൈക്കിളിൽനിന്ന് വീണ് പരിക്കേറ്റ നിലയിൽ എഞ്ചിനീയർ കോളേജിനു സമീപത്തുനിന്നും പ്രകാശ് എന്ന ബാലനേയും ചില്ലറ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

മൃതിയടഞ്ഞു

പുത്തൂർക്കരയിൽനിന്നും മരത്തിൽനിന്നും വീണ് പരിക്കേറ്റ നിലയിൽ ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിരുന്ന കളരിക്കൽ കൃഷ്ണൻ മകൻ വേണു (14) എന്ന കുട്ടി ഇന്നുരാവിലെ മൃതിയടഞ്ഞിരിക്കുന്നു.

കുടുംബാസൂത്രണം

തൃശ്ശൂർ ജില്ലാ കുടുംബാസൂത്രണ സമിതി ഏപ്രിൽ 23-ാംതിയതി വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ നാലു മണിക്ക് കലക്ടറേറിലെ കോൺഫ്രസ് ഹാളിൽവച്ച് യോഗം ചേരുന്നതാണ്.

....

പൌരസഹായം

മാറാം, ഏ. 20

മാറാം ഇടവകപള്ളിയിലെ പൌരസഹായസംഘടിച്ച് ഒരു വിവേചനമുക്തമായ സത്യ ജാതിമതഭേദമില്ലാതെ നടത്തിയിരിക്കുന്നു.

.....

കമ്യൂണിസ്റ്റ് പാർട്ടിനേതാക്കളുടെ ഐക്യശ്രമം

കല്ലാട്ടയിൽ യോഗംചേർന്ന് സംയുക്തപ്രക്ഷോഭനത്തിന് പരിപാടി തയ്യാറാക്കി

പിളർപ്പിനുശേഷം നടക്കുന്ന പ്രഥമസംരംഭം

(പി. ടി. ഐ.) കല്ലാട്ട ഏ. 20

രാജ്യരക്ഷാനിയമമനുസരിച്ച് ഇപ്പോൾ തടവിലാക്കപ്പെട്ടിരിക്കുന്ന രാഷ്ട്രീയതടവുകാരെ മോചിപ്പിക്കുന്നതിനും പൌരാവകാശസംരക്ഷണത്തിനുമായി ഒരഖിലേന്ത്യാ പ്രസ്ഥാനത്തിനു് രൂപം കൊടുക്കുന്നതിന്റെ വെളിച്ചത്തിലുള്ള ഐക്യസംഘാടനത്തിനായി, കമ്യൂണിസ്റ്റ് പാർട്ടിയിലെ ഇടതും വലതും പക്ഷങ്ങളിലെ നേതാക്കന്മാർ ഇന്നലെ ഇവിടെ സമ്മേളിക്കുകയുണ്ടായി. പാർട്ടിയിലുണ്ടായ പിളർപ്പിനുശേഷം ഐക്യത്തിനുവേണ്ടി നടക്കുന്ന പ്രഥമസംഘാടനമാണിതു്.

ഇടതുപക്ഷ നേതാക്കളായ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്, ജ്യോതിബാസു എന്നിവരും വലതുപക്ഷ നേതാക്കളായ ഭൂപേഷ് ഗുപ്ത, ഡബാനിസെൻ സോമനാഥ് ലഹിരി, ബിശ്വനാഥ് മുക്കർജി എന്നിവരുമാണ് ചർച്ചയിൽ പങ്കെടുത്തതു്.

താഷ്ക്കന്റുടമ്പടിയുടെ മോചനം, പൌരാവകാശസംരക്ഷണം, ഭക്ഷ്യക്ഷാമവും വിലവർദ്ധനയും, വിയറ്റ്നാമിൽ നിന്നും അമേരിക്കൻ സേനയുടെ പിൻവാങ്ങൽ എന്നീ നാലുപ്രശ്നങ്ങളിന്മേൽ ഉടനടി ഒരു പ്രക്ഷോഭണം ആരംഭിക്കുമെന്ന യോഗത്തിനുശേഷം ഒരു വക്താവ് പത്രലേഖകരോടു പറഞ്ഞു.

ഐക്യസംഘാടനം സംബന്ധിച്ച് ഇരു വിഭാഗത്തേയും നേതാക്കന്മാർ സംതൃപ്തി പ്രകടിപ്പിക്കുകയുണ്ടായെന്നും ഈ വക്താവ് പറഞ്ഞു.

അഖിലേന്ത്യാ സംയുക്തപ്രവർത്തനപരിപാടിയോടനുബന്ധിച്ച് ഇരു വിഭാഗത്തിലും പെട്ട നേതാക്കന്മാർ വിവിധ സംസ്ഥാനങ്ങളിൽ ഒരു പര്യടനം നടത്തുന്നതായിരിക്കും. മി. നമ്പൂതിരിപ്പാട് ഇന്നു പാറ്റ്നയിലേക്ക് പോകും. അവിടെനിന്നും അദ്ദേഹം ബോമ്പെയിലേക്കും പിന്നീട് മദിരാശിയിലേക്കും പോകും. ഈ സംസ്ഥാനങ്ങളിലെ വലതുപക്ഷനേതാക്കന്മാർ, മി. നമ്പൂതിരിപ്പാടുമായി പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ചകൾ നടത്തുന്നതിനായി നിർദ്ദേശിച്ചുകൊണ്ട് മി. ഭൂപേഷ് ഗുപ്ത കമ്മിറ്റിയുടെ അയച്ചിട്ടുള്ളതായും ഈ വക്താവ് പറഞ്ഞു.

മി. ഗുപ്ത അടുത്ത ആഴ്ചയിൽ ആന്ധ്രപ്രദേശത്തേയ്ക്കു പോകുന്നതും ഇടതുകമ്മ്യൂ. നേതാക്കളെ കാണുന്നതുമായിരിക്കുന്നു. അജ്ഞാതവാസത്തിനു് ഉടൻ പുറപ്പെടുന്ന എസ്. എ. ഡാങ്കെയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടു്. ഡാങ്കെയുടെ അഭിപ്രായം കിട്ടിയതിനുശേഷം ഐക്യത്തിനുവേണ്ടി നടക്കേണ്ട പ്രഥമസംഭാഷണം ആരംഭിക്കുമെന്നും ഈ വക്താവ് പറഞ്ഞു.

കേരളത്തിലെ പ്രസിഡണ്ടുഭരണത്തെപ്പറ്റിയും യോഗം ചർച്ചചെയ്തുകയുണ്ടായി.

സിദ്ധാന്തപരമായ തർക്കങ്ങളെപ്പറ്റിയും യോഗം പ്രാഥമികമായി ചില അഭിപ്രായപ്രകടനങ്ങൾ കൈമാറിയെന്നും ഈ വക്താവ് അറിയിച്ചു. സിദ്ധാന്തപരമായ ചർച്ചകൾ ആരംഭിക്കുമ്പോൾ വിഭേദപരിപാടിയും പകയും ഒഴിവാക്കപ്പെടണമെന്നതിൽ എല്ലാവരും യോജിച്ചു.

അഖിലേന്ത്യാ നേതാക്കന്മാർ മദിരാശിയിൽ മേയ് 1-നും-ന് വീണ്ടും കാണുന്നതായിരിക്കും. വലതുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സിക്രട്ടറി മി. സി. രാജേശ്വരറാവുവും മി. നമ്പൂതിരിപ്പാടും ഈ ചർച്ചയിൽ പങ്കെടുക്കും.

.....

നിവേദനം

[സ്വ ലേ] മാള, ഏ. 20

മാളയിൽ പ്രവർത്തിച്ചിരുന്ന പി. ഡബ്ലിയു. ഡി. ജൂനിയർ എഞ്ചിനീയർ ഓഫീസ് സ്ഥലം മാറിയതിനെത്തുടർന്ന് വളരെയേറെ അസൌകര്യങ്ങൾ അനുഭവപ്പെടുന്നതിനാൽ പ്രസ്തുത ഓഫീസ് മാളയിൽ വീണ്ടും സ്ഥാപിയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം മാള പഞ്ചായത്തു് പാസ്സാക്കിയിരിക്കുന്നു. ഡിപ്പാർട്ടുമെണ്ടിൽ പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ ഒരു നിവേദകസംഘം പ്രസ്തുത ആവശ്യത്തെപ്പറ്റി നിവേദനം നടത്തിയിരിക്കുന്നു.

....

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടണം

—സുശീലാനയ്യർ

(പി. ടി. ഐ) ന്യൂഡൽഹി, ഏ. 20

നാലാം പദ്ധതി കാലത്തു് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ മെച്ചപ്പെടുത്തുന്ന സംരംഭങ്ങളിൽ കേന്ദ്രീകരിച്ചാൽ മാത്രമേ സാധാരണ ജനതക്ക് കൂടുതൽ വൈദ്യസൌകര്യങ്ങളും നല്കുവാൻ സാധിക്കുകയുള്ളുവെന്നു് കേന്ദ്ര ആരോഗ്യമന്ത്രി ഡോക്ടർ. സുശീലാനയ്യർ ഇന്നു് ലോകസഭയിൽ പ്രസ്താവിച്ചു. ഓരോ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റേയും കീഴിൽ ആറോ, എട്ടോ ഉപകേന്ദ്രങ്ങളും ഉണ്ടാകണം.

ഇത്തരം പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ജില്ലാ ആസ്പത്രികളുമായിഘടിപ്പിക്കേണ്ടതുണ്ട്. ഒരു ആംബുലൻസ് സൌകര്യമെങ്കിലും ഇവക്കിടയിൽ ഉണ്ടാകണം. ജില്ലാ ആസ്പത്രികളിലെ വിദഗ്ദന്മാർ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ഇടക്കിടെ സന്ദർശിക്കുന്നതിനു് സംസ്ഥാന ഗവണ്മെണ്ടുകളോടു് കേന്ദ്രഗവണ്മെണ്ടു് അഭ്യർത്ഥിച്ചിട്ടുണ്ടു്.

.....

മുന്നറിയിപ്പ്

തിരുവനന്തപുരം, ഏ. 20

കേരളത്തിൽ ഇന്നത്തെ തലസ്ഥാനം മാറ്റി മദ്ധ്യകേരളത്തിൽ എവിടെയെങ്കിലും സ്ഥാപിക്കണമെന്ന ആവശ്യംഗവർമ്മേണ്ടിനെറമുമ്പിൽവെക്കവാനും തുടർന്നുവരുന്ന കാര്യങ്ങളെപ്പറ്റി ആലോചിക്കാനുമായി ഏപ്രിൽ 22-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6-30 നു് കോഴിക്കോട് ടൌൺഹാളിൽവെച്ച് ഒരു യോഗം കൂടുന്നതാണെന്ന് ആർ. സത്യനാരായണൻ കല്ലർ ഇറക്കിയിട്ടുള്ള ഒരു പ്രസ്താവനയിൽ പറയുന്നു.

സംശയിച്ചുറപ്പ്

തളിപ്പറമ്പ്, ഏ. 20

വയനാൽപൊയിൽ അച്ചുതൻ (പറ്റർ) എന്നയാളെ സംശയകരമായ തോതിൽ കണ്ടെത്തിനെത്തുടർന്ന് ബസ്സ്റ്റാന്റിൽവച്ച് തളിപ്പറമ്പു പോലീസ് അറസ്റ്റുചെയ്തു് റിമാണ്ടിലാക്കിയിരിക്കുന്നു. പുള്ളി ബസ്സിൽവച്ച് പോക്കറ്റടി നടത്തിയതായും സംശയിക്കുന്നുണ്ട്.

—

മദ്യപാനിയെ അറസ്റ്റ് ചെയ്തു

(സ്വ. ലേ.) തളിപ്പറമ്പ് ഏ. 19

പന്നിയൂരംശം, പുരുഷോത്തമവെച്ച് മൊട്ടേരി അച്ചുതൻനായർ എന്നയാളെ മദ്യപിച്ചനിലയിൽ കണ്ടതിനാലണ്ടതു തളിപ്പറമ്പ് പോലീസ് അറസ്റ്റ് ചെയ്ത കേസ്സാക്കിയിരിക്കുന്നു.

മാനന്തവാടിയിൽ വേദപാഠാദ്ധ